*Uncorrected/Not for publication*

*30-06-2026*

*Submission*

**സബ്മിഷൻ**

അഞ്ചുതെങ്ങ് പ്രദേശത്തെ തീരശോഷണം

ശ്രീമതി രമ്യ ഹരിദാസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട വിഷയം സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് സബ്മിഷൻ ഉന്നയിക്കുന്നത്. കേരളം ഒരുപാട് തവണ ചർച്ച ചെയ്ത വിഷയങ്ങളാണ് മുതലപ്പൊഴി ഹാർബറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അഞ്ചുതെങ്ങ് തീരശോഷണവും. ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. മഹാകവി കുമാരനാശാന്റെ ജന്മദേശമായ "കായിക്കര" ഉൾപ്പെടുന്ന അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് നേരിടുന്ന തീരശോഷണവും മുതലപ്പൊഴി ഹാർബർ പ്രശ്നവും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. തലസ്ഥാന നഗരത്തിന് തൊട്ടടുത്താണെങ്കിലും കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഗവൺമെന്റ് ഈ വിഷയത്തിന് ശാശ്വതമായൊരു പരിഹാരം കണ്ടെത്താൻ ശ്രമം നടത്തിയിട്ടില്ലെന്ന വിഷമം വേദനയോടെ ഈ അവസരത്തിൽ പങ്കുവയ്ക്കുകയാണ്. സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തെ പ്രശ്നങ്ങൾ അധികാരികളുടെ മുന്നിലെത്തിയിട്ടും കൃത്യമായ ഇടപെടൽ കഴിഞ്ഞ സർക്കാർ നടത്തിയിട്ടില്ലെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഈ സർക്കാർ അധികാരത്തിലേറിയത് മുതൽ പ്രഥമ പരിഗണന നൽകുന്നത് മുതലപ്പൊഴി-അഞ്ചുതെങ്ങ് പ്രദേശത്തെ ജനങ്ങളുടെ കാലങ്ങളായുള്ള പരാതിക്ക് പരിഹാരം കാണാനാണ്. ഈ ഗവൺമെന്റ് രൂപീകരിച്ച് ഒരുമാസം തികയുന്നതിന് മുമ്പായിത്തന്നെ ബഹുമാനപ്പെട്ട മത്സ്യബന്ധനം-സാമൂഹികനീതി വകുപ്പുമന്ത്രി ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ, ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. മോൻസ് ജോസഫ് എന്നിവർ സ്ഥലം സന്ദർശിക്കുകയും ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്യുകയും സാധാരണക്കാരുമായും മത്സ്യത്തൊഴിലാളി മേഖലയിലെ കുടുംബാംഗങ്ങളുമായും ആശയ സംവാദം നടത്തുകയും ചെയ്തിട്ടുണ്ട്. തുറമുഖ വകുപ്പുദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം വകുപ്പുകളുടെ ഏകോപനത്തോടെ പ്രശ്നപരിഹാരത്തിന് ശ്രമം നടത്തുന്നുണ്ടെന്നത് അങ്ങേയറ്റം സന്തോഷം നൽകുന്നുണ്ട്. അതിന് ഈ അവസരത്തിൽ ഗവൺമെന്റിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്.

*30-06-2026*
*Submission*

അഞ്ചുതെങ്ങിലെ ജനങ്ങളുടെ പരാതി പ്രത്യേകം പരിഗണിക്കണം. സ്കൂളിന്റെ ടോയ്‌ലറ്റ് ബ്ലോക്കുകളടക്കം കടലെടുക്കുന്ന സ്ഥിതിയാണ്. പ്രദേശത്തെ പല വീടുകളും പൂർണ്ണമായും കടലിനോട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. തീരത്തോട് ചേർന്നുകിടക്കുന്ന മൂന്ന് വരിയോളം ഭവനങ്ങൾ കടലെടുത്ത് കഴിഞ്ഞിരിക്കുകയാണ്. ഉന്നത ഉദ്യോഗസ്ഥരുടെ ഒരു സംഘം സ്ഥലം സന്ദർശിച്ച് അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. ശക്തമായ കടലാക്രമണം ഉണ്ടായാൽ താഴംപള്ളി, അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള പ്രദേശം ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമാകുമോ എന്നുള്ള ആശങ്ക ഒരു ജനപ്രതിനിധിയെന്ന രീതിയിൽ ഈ സഭയിൽ പങ്കുവയ്ക്കുകയാണ്. എല്ലാവർക്കും അറിയാവുന്നതുപോലെ കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിൽ ചരിത്രപ്രസിദ്ധമായ ഒരു ഗ്രാമപഞ്ചായത്താണ് അഞ്ചുതെങ്ങ് കോട്ട ഉൾപ്പെടെയുള്ള ചരിത്രസ്മാരകം സ്ഥിതിചെയ്യുന്ന അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ഭാവിയിൽ ഈ പഞ്ചായത്തുതന്നെ ഉണ്ടാകുമോയെന്നുള്ള ആശങ്ക ഈ അവസരത്തിൽ പങ്കുവയ്ക്കുകയാണ്. അഞ്ചുതെങ്ങ്, മുതലപ്പൊഴി പ്രദേശങ്ങളിലെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആശങ്ക വളരെ ഗൗരവതരമായാണ് ഈ സർക്കാർ പരിഗണിക്കുന്നത്. അവിടെ നിർമ്മിച്ച ഹാർബറിന്റെ അശാസ്ത്രീയത കാരണം എൺപതോളം ആളുകൾ അപകടത്തിൽ മരണപ്പെട്ട ഗുരുതരമായ സാഹചര്യമുണ്ടായി. അഞ്ചുതെങ്ങ് മേഖലയിൽ അതിരൂക്ഷമായ കടലാക്രമണമാണുണ്ടാകുന്നത്. അശാസ്ത്രീയമായി ഹാർബർ നിർമ്മിച്ചതുകാരണം മണൽ നീക്കം തടസ്സപ്പെട്ടിട്ടുണ്ട്. അവിടത്തെ പ്രകൃതിദത്ത സ്ഥിതി മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഒരു ഗ്രാമം ഇല്ലാതാകുമോയെന്നുള്ള ഭയം നമുക്ക് അവിടെ ചെന്നാൽ കാണാൻ സാധിക്കും. പ്രതിപക്ഷനേതാവായിരുന്ന സമയത്ത് ഞാൻ പലപ്രാവശ്യം അവിടം സന്ദർശിച്ചിട്ടുള്ളതാണ്. പ്രദേശത്ത് കടൽ കയറുകയും ബാക്ക് വാട്ടറും കടലും തമ്മിലുള്ള അകലം വളരെ കുറയുകയും ചെയ്യുകയാണ്. നാലോ അഞ്ചോ

*30-06-2026*
*Submission*

വർഷത്തിനുള്ളിൽ ഈ സ്ഥലം മുഴുവനായും കടൽ എടുത്തുപോകുമോയെന്നുപോലും ഭയപ്പെടുത്തുന്ന അവസ്ഥയിലാണ് കടലാക്രമണമുണ്ടാകുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഫിഷറീസ്, ജലവിഭവ വകുപ്പുമന്ത്രിമാർ സ്ഥലം സന്ദർശിച്ചിരുന്നു. അടിയന്തരമായി യോഗം ചേരാൻ അവരോട് ആവശ്യപ്പെട്ടിരുന്നു. ജലവിഭവ, ഫിഷറീസ് വകുപ്പുമന്ത്രിമാരുടെയും സ്ഥലം എം.എൽ.എ.-യുടെയും സാന്നിധ്യത്തിൽ ഇന്നലെ ചേർന്ന ഉന്നതതല യോഗം ചില തീരുമാനങ്ങളെടുത്ത് ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുതലപ്പൊഴി ഭാഗത്ത് വഞ്ചി കടന്നുപോകാൻ കഴിയാത്തവിധത്തിൽ രൂപപ്പെട്ടിരിക്കുന്ന മൺതിട്ട ഡ്രെഡ്ജിങ് നടത്തി എത്രയും പെട്ടെന്ന് നീക്കംചെയ്യാൻ നടപടിയെടുക്കണമെന്നുള്ള പൊതുആവശ്യം പരമാവധി വേഗത്തിൽ നടപ്പാക്കും. കടലോരം തീരമെടുത്ത് പോകുന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത്, അഞ്ചുതെങ്ങ് ഉൾപ്പെടെയുള്ള പഞ്ചായത്തുകളുടെ തീരസംരക്ഷണത്തിന് സമഗ്രപഠനം നടത്തി ആവശ്യമായ നടപടി എത്രയുംവേഗത്തിൽ സ്വീകരിക്കും. വിവിധ സന്ദർഭങ്ങളിലായി ഇതുവരെ മരണപ്പെട്ട 85 മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഉൾപ്പെടെ നാളിതുവരെ യാതൊരു ധനസഹായവും ലഭിച്ചിട്ടില്ലെന്ന പ്രശ്നം പ്രത്യേകമായി പരിശോധിക്കും. വീട് നിർമ്മാണം നടത്തിയതും വീട്ടുനമ്പർ ലഭിക്കാത്തതുമായ കുടുംബങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കേന്ദ്രസർക്കാരുമായി ചർച്ച ചെയ്ത് വീട്ടുനമ്പർ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. അത് CRZ(Coastal Regulation Zone)-ന്റെ വിഷയവുമായി ബന്ധപ്പെട്ടതാണ്. ലൈഫ് പദ്ധതിയിൽനിന്നും മാറ്റി മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭ്യമാക്കാൻ പുതിയ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അവിടെ കൂടുതൽ വീടുകൾ നിർമ്മിക്കുന്നകാര്യം പരിഗണിക്കും. മത്സ്യത്തൊഴിലാളികളുടെ "കടലറിവ്" സർക്കാർ കേൾക്കും. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കും. സമഗ്രമായ മുതലപ്പൊഴി പാക്കേജ് തീർച്ചയായുമുണ്ടാകും. ഇക്കാര്യത്തിലുള്ള സ്ഥലം എം.എൽ.എ.-യുടെ പ്രത്യേകമായ താൽപര്യത്തെ ഞാൻ അഭിനന്ദിക്കുന്നു.

*30-06-2026*
*Submission*

കട്ടിപ്പാറ ഫ്രഷ് കട്ട് സ്ഥാപനത്തിൽ നിന്നുള്ള മലിനീകരണം

ശ്രീ. പി. കെ. ഫിറോസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വളരെ ഗൗരവതരമായ ഒരു പ്രശ്നം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് മാലിന്യസംസ്കരണം എല്ലാക്കാലത്തും വലിയ പ്രതിസന്ധിയുണ്ടാക്കാറുണ്ട്. മാലിന്യസംസ്കരണത്തിനായി ഒരു കോഡോ കൾച്ചറോ ഡെവലപ് ചെയ്യാൻ നമുക്ക് ഇപ്പോഴും കഴിഞ്ഞിട്ടില്ല. മലിന്യസംസ്കരണ കമ്പനിയുണ്ടാക്കുന്ന മാലിന്യമാണ് എന്റെ നിയോജകമണ്ഡലത്തിലെ പ്രധാന പ്രശ്നം. എന്റെ നിയോജകമണ്ഡലത്തിലെ കട്ടിപ്പാറ, ഓമശ്ശേരി, താമരശ്ശേരി എന്നീ മൂന്ന് പഞ്ചായത്തുകളിലെയും സമീപമുള്ള ശ്രീ. സി. കെ. കാസിം എം.എൽ.എ.-യുടെ നിയോജകമണ്ഡലമായ തിരുവമ്പാടിയിലെ വിവിധ പ്രദേശങ്ങളിലെ ജനങ്ങളടക്കം ഏതാണ്ട് നാലായിരത്തിലധികം കുടുംബങ്ങൾ വളരെ പ്രയാസത്തിലാണ്. "ഫ്രഷ് കട്ട്" എന്ന കോഴി മാലിന്യസംസ്കരണ കമ്പനി അവിടെയുള്ള മനോഹരമായ ഇരുതുള്ളി പുഴയെ മലിനമാക്കി. മൂക്ക് പൊത്തിയല്ലാതെ ആ പ്രദേശങ്ങളിലൂടെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണ്. കഴിഞ്ഞ ഏഴ് കൊല്ലമായി ജനങ്ങൾ ഈ കമ്പനി അടച്ചുപൂട്ടണമെന്ന ആവശ്യവുമായി സമരത്തിലാണ്. ഒരു സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ കഴിഞ്ഞ സർക്കാർ ഏഴും എട്ടും എഫ്.ഐ.ആർ. ചുമത്തി അവരെ ആകെ പ്രയാസത്തിലാക്കിയിരിക്കുകയാണ്. ജനിച്ച മണ്ണിൽ ജീവിക്കാൻവേണ്ടിയാണ് അവർ സമരം ചെയ്യുന്നത്. " right to life" എന്നുപറഞ്ഞാൽ " right to life with dignity" എന്നാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ജീവിക്കാൻ വേണ്ടി സമരം ചെയ്ത ആളുകളെ കള്ളക്കേസിൽപ്പെടുത്തി പ്രയാസപ്പെടുത്തുകയാണ്. അവർക്ക് അവിടെ ജീവിക്കാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവായിരുന്നപ്പോൾ അവിടെ സന്ദർശിച്ച് പ്രശ്നങ്ങൾ നേരിട്ട് ബോധ്യപ്പെട്ടതാണ്. അന്നത്തെ പ്രതിപക്ഷ ഉപനേതാവ്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനും നേരിട്ട് ബോധ്യപ്പെട്ട കാര്യമാണ്. അങ്ങ് മുഖ്യമന്ത്രിയായപ്പോൾ അവിടെയുള്ള ജനങ്ങൾ വലിയ പ്രതീക്ഷയിലാണ്. ആ കമ്പനി അടച്ചുപൂട്ടി ജനങ്ങളുടെ പ്രയാസത്തിന്

പരിഹാരമുണ്ടാക്കണമെന്നും അവർക്കെതിരെ ചുമത്തിയ കള്ളക്കേസുകൾ പിൻവലിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ഗൗരവതരമായ വിഷയമാണ് ശ്രീ. പി. കെ. ഫിറോസ് ഇവിടെ ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞ വിഷയം എനിക്ക് നേരിട്ട് അറിയാവുന്നതാണ്. "ഫ്രഷ് കട്ട് ഓർഗാനിക് പ്രൈവറ്റ് ലിമിറ്റഡ്" എന്ന സ്ഥാപനമാണ് അവിടെ പ്രവർത്തിച്ചുവരുന്നത്. അതിഭയങ്കരമായ ദുർഗന്ധവും ജലമലിനീകരണവും കാരണം ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അതിനെത്തുടർന്നുണ്ടായ സ്വാഭാവിക ജനകീയപ്രക്ഷോഭമാണ്. നമ്മുടെ വീടിനടുത്ത് ഇതുപോലുള്ള സ്ഥാപനങ്ങൾ വന്ന് ജീവിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ റോഡിലിറങ്ങി നമ്മളും സമരം ചെയ്യും. കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള ആളുകൾ ജീവിക്കാൻ കഴിയാതെ രോഗബാധിതരായി പോകുമോയെന്നുള്ള ഭയവും സാഹചര്യവുമാണ് അവിടെയുണ്ടായിരുന്നത്. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന ഒരു കേസിൽ പ്ലാന്റിൽനിന്നുള്ള മലിനജലം പുഴയിലേക്ക് ഒഴുകുന്നില്ലെന്ന് ഉറപ്പാക്കാനും മലിനീകരണം സംബന്ധിച്ച പരാതികളിൽ നിരന്തരമായ നിരീക്ഷണം നടത്താനും മലിനീകരണ നിയന്ത്രണബോർഡ്, ഡി.എൽ.എഫ്.എം.സി. (District Level Facilitation and Monitoring Committee), കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്. കോടതി ഉത്തരവ് നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണമായി നിർത്തിവയ്ക്കാൻ സാധിക്കാത്ത അവസ്ഥവന്നത്. ഇക്കാര്യത്തിൽ കോടതിയെക്കൂടി ബോധ്യപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ധ സമിതിയെ അടിയന്തരമായി നിയമിക്കുകയും ആ സമിതിയുടെ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുകയും ചെയ്യും. വേസ്റ്റിന്റെ ക്വാണ്ടിറ്റി കുറയ്ക്കണമെന്ന കോടതി നിർദേശം കമ്പനി പാലിച്ചിട്ടില്ല. ഉയർന്ന അളവിലുള്ള മാലിന്യമാണ് കമ്പനി കൊണ്ടുവരുന്നത്. അവിടെ ആളുകൾക്ക് നിൽക്കാൻപോലും കഴിയാത്ത അവസ്ഥയാണ്. വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോടതിയുടെ അനുവാദത്തോടെ ഉചിതമായ നടപടി സ്വീകരിക്കും. അവിടെ നടന്നത് ഒരു ജനകീയ സമരമാണെന്നാണ് ഈ

സർക്കാരിന്റെ നിലപാട്. ആ സമരത്തിലെ കേസുകൾ പിൻവലിക്കുന്ന കാര്യവും സർക്കാർ ഗൗരവമായി പരിശോധിക്കും.

3. ഓൺലൈൻ തട്ടിപ്പ്

ശ്രീ. അബിൻ വർക്കി കോടിയാട്ട്: സർ, Cyber Crime-ൽ മൂന്നാമത്തെ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. 2025-ൽ 42500 ആളുകൾ Cyber Crime-ൽ പെട്ടിരിക്കുകയാണ്. 814 കോടി രൂപയാണ് ഇതിലൂടെ കേരളത്തിന് നഷ്ടമായിരിക്കുന്നത്. ഇതിൽ 413 കോടി രൂപ വ്യാജ ഇൻവെസ്റ്റ്മെന്റ് ട്രേഡിങ് ആപ്പുകൾ വഴിയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ഒരു ദിവസം കേരളത്തിലെ സാധാരണക്കാരുടെ 70 ലക്ഷം രൂപ അപഹരിക്കുന്ന ഒരു വിഷയത്തെപ്പറ്റിയാണ് ഈ സബ്മിഷൻ. കഴിഞ്ഞ ദിവസം ഒരു ചെറുപ്പക്കാരനും കുടുംബവും എന്നെ സമീപിച്ചിരുന്നു. ആ ചെറുപ്പക്കാരൻ വലിയ ഡിപ്രഷനിലായിരുന്നു. ചെറിയ പണം നൽകാമെന്ന് പറഞ്ഞ് ഇയാളുടെ അക്കൗണ്ട് മറ്റൊരാൾ വാങ്ങുകയും വ്യാജ ട്രേഡിങ് അക്കൗണ്ടായി ഉപയോഗിക്കുകയും അദ്ദേഹത്തിനെതിരെ കേസ് വരികയും അക്കൗണ്ട് ഫ്രീസ് ചെയ്യപ്പെടുകയും ചെയ്തു. ഈ കേസുമായി ബന്ധപ്പെട്ട് ബാങ്കിൽ അന്വേഷിച്ചപ്പോൾ 34000 ട്രാൻസാക്ഷനുകളാണ് 5 ദിവസം കൊണ്ട് ആ അക്കൗണ്ട് മുഖേന നടന്നത്. ഓൺലൈൻ റമ്മി ഗെയിമുമായി ബന്ധപ്പെട്ടാണ് ഈ സ്റ്റുഡന്റിന്റെ അക്കൗണ്ട് വാങ്ങിയത്. ഇതിനെ 'മ്യൂൾ അക്കൗണ്ട്' എന്നാണ് പറയുന്നത്. 'മ്യൂൾ' എന്നാൽ 'കഴുത' എന്നാണർത്ഥം. കള്ളപ്പണം ട്രാൻസാക്ഷൻ ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കുന്ന അക്കൗണ്ടാണ് "മ്യൂൾ അക്കൗണ്ട്" . ഇതിൽ സാധാരണക്കാരാണ് കൂടുതലായും ഇരകളാകുന്നത്. കൂടാതെ ഇതിൽ വെർച്വൽ അറസ്റ്റും ഡിജിറ്റൽ തടങ്കലും ഉണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ ഒരിക്കൽ വെർച്വൽ അറസ്റ്റിൽ കുടുക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ബുദ്ധിപൂർവമായ ഇടപെടൽകൊണ്ട് അത് മാറിയതും മറ്റും നമ്മൾ കണ്ടതാണ്. കേരളത്തിലുടനീളം വെർച്വൽ അറസ്റ്റുകളുടെ ഒരു ഘോഷയാത്ര നടക്കുകയാണ്. ഇതിൽ ഏറ്റവും ഭയാനകമായത് ലോൺ ആപ്പാണ്. എന്താണ് ലോൺ ആപ്പ്? പതിനായിരവും പതിനയ്യായിരവും രൂപ ലോണെടുക്കാൻ ചെറുപ്പക്കാർ ഒരുങ്ങുന്നതിലൂടെ,

*30-06-2026*
*Submission*

അവർ ലോൺ ആപ്പിന്റെ കെണിയിൽപ്പെടുകയാണ്. ഈ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുമ്പോൾതന്നെ അവരുടെ വ്യക്തിഗത വിവരങ്ങൾകൂടി ചോർത്താനുള്ള അനുമതി ലോൺ ആപ്പിന്റെ പ്രൊവൈഡർമാർക്ക് നൽകുകയാണ്. പതിനായിരവും പതിനയ്യായിരവും രൂപ ലോണെടുക്കുന്ന ചെറുപ്പക്കാർ വലിയ തുക തിരിച്ചടച്ചാലും ലോൺ തീരാത്ത ഒരവസ്ഥയുണ്ട്. തുടർന്ന് ബ്ലാക്ക് മെയിലിങ് തുടങ്ങുന്നു. ഇതിന്റെ ഒരു ഉദാഹരണമാണ് നിധിൻ രാജിന്റെ കേസ്. നമ്മുടെ പേരിൽ 5,000 രൂപയോ 10,000 രൂപയോ കടം തരുമോ എന്നുചോദിച്ച് ഒട്ടേറെ വ്യാജ അക്കൗണ്ടുകളുണ്ടാക്കുന്ന Boss scam ആപ്പിനെക്കുറിച്ച് നമുക്കറിയാം. ഈ സഭയിലെ പല അംഗങ്ങളും അതുമായി ബന്ധപ്പെട്ട് പരാതികൾ നൽകിയിട്ടുണ്ട്.

മനോരമ പത്രത്തിന്റെ പത്തനംതിട്ട എഡിഷനിൽ ഇന്നുവന്ന ഒരു പ്രധാന വാർത്തയുണ്ട്. ഇ-ചെലാന്റെ പേരിൽ തട്ടിപ്പ് നടത്തുകയാണ്. അതായത് നമ്മുടെ ഫോണിലേക്ക്, നിങ്ങൾക്കൊരു ഫൈൻ വന്നിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട് ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് ഇ-ചെലാൻ അടച്ചില്ലെങ്കിൽ വലിയ പിഴ വരുമെന്നും പറഞ്ഞുകൊണ്ട് മെസേജ് വരും. സാധാരണക്കാർ ഇത് വിശ്വസിച്ച് ഈ ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതോടെ അവരുടെ പണം പോകുകയാണ്. കെ.എസ്.ഇ.ബി.എൽ-ന്റേയും വാട്ടർ അതോറിറ്റിയുടെയും പേരിൽവരെ ഇപ്രകാരം തട്ടിപ്പ് നടത്തുന്നുണ്ട്. കേരളത്തിലുടനീളം കണ്ടുവരുന്ന ഒരു വലിയ തട്ടിപ്പായി ഇത് മാറിയിരിക്കുകയാണ്. ജസ്റ്റിസ് കെ. എസ്. പുട്ടസ്വാമി V/s യൂണിയൻ ഓഫ് ഇന്ത്യ കേസിൽ ആർട്ടിക്കിൾ 21 പ്രകാരം, ' Right to Life and Personnel Liberty'-യിൽ വ്യക്തിഗതമായ വിവരങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. 1930 എന്ന ഇന്ത്യൻ സൈബർ ക്രൈം ഹെൽപ് ലൈൻ നമ്പരുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ഒറ്റക്കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഇത്തരം കേസുകളിൽ സാധാരണക്കാർ മാത്രമല്ല കുടുങ്ങുന്നത്; വ്യാജ ട്രേഡിങ് ആപ്പിന്റെ കെണിയിൽപ്പെട്ട് മുൻ ഹൈക്കോടതി ജഡ്ജിയുടെ 75 ലക്ഷം രൂപ നഷ്ടപ്പെട്ട കാര്യം നമ്മൾ കേട്ടതാണ്. കാസർഗോഡുള്ള മുതിർന്ന ഉദ്യോഗസ്ഥരായ ദമ്പതികൾക്ക് വെർച്വൽ അറസ്റ്റിന്റെ

*30-06-2026*
*Submission*

കെണിയിൽപ്പെട്ട് 11 ദിവസം വീട്ടിൽനിന്നും അനങ്ങാൻ കഴിയാത്ത സ്ഥിതിയുണ്ടാകുകയും കോടാനുകോടി രൂപ നഷ്ടപ്പെടുകയും ചെയ്തു. കോഴിക്കോട് ഒരു വ്യക്തിയുടെ ഒന്നരക്കോടി രൂപയാണ് നഷ്ടപ്പെട്ടത്. പത്തനംതിട്ടയിലെ ഒരു ബിഷപ്പിനെ വെർച്വൽ അറസ്റ്റ് ചെയ്ത സംഭവവും നമുക്കറിയാം.

OTP മോഡൽ തട്ടിപ്പിൽനിന്നും മാറി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടെക്നോളജി ഉപയോഗിക്കുന്ന രീതി വന്നിരിക്കുകയാണ്. നമ്മുടെ ശബ്ദം ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ വ്യാജമായി ഉണ്ടാക്കിയശേഷം നമ്മുടെ പേരിൽ പണം ചോദിച്ചുകൊണ്ടുള്ള തട്ടിപ്പാണ് നടക്കുന്നത്. ഇപ്രകാരമുള്ള തട്ടിപ്പ് 75 ശതമാനവും നടക്കുന്നത് നോർത്ത് ഇന്ത്യയിലും വിദേശരാജ്യങ്ങളിലുമാണ്. ഇതുമായി ബന്ധപ്പെട്ട് കോളേജുകൾ, സ്കൂളുകൾ, കുടുംബശ്രീ എന്നിവ കേന്ദ്രീകരിച്ച് ഒരു Awareness Programme നടത്തുന്നതോടൊപ്പം ഇതിനെതിരെ ശക്തമായ നടപടിയെടുക്കാനുള്ള ഒരു പുതിയ പദ്ധതിയും സർക്കാർ പ്രഖ്യാപിക്കുമോ എന്ന് ഞാൻ ഈ സബ്മിഷനിലൂടെ ചോദിക്കാൻ ആഗ്രഹിക്കുകയാണ്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): മാഡം, ആറന്മുള എം.എൽ.എ. ശ്രീ. അബിൻ വർക്കി അവതരിപ്പിച്ചത് അതീവഗൗരവത്തിലുള്ള ഒരു വിഷയമാണ്. കേരളത്തിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ ഇന്ന് വ്യാപകമാണ്. സൈബർ തട്ടിപ്പ് കാരണം ബുദ്ധിമുട്ടുന്ന ധാരാളം കുടുംബങ്ങളെയും വ്യക്തികളെയും നമുക്ക് കാണാൻ കഴിയും. ഞങ്ങൾ പരിശോധിച്ചപ്പോൾ, ഏതാണ്ട് ഓരോ ജില്ലയിലും ആയിരത്തിലധികം അതീവ ഗുരുതരസ്വഭാവമുള്ള കേസുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. വ്യാജ ലോൺ ആപ്പ് വഴിയുള്ള തട്ടിപ്പുകൾ തടയുന്നതിനായി കേരളാ പോലീസ് വളരെ ശക്തമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തട്ടിപ്പുകൾക്ക് വിധേയരായ ആളുകളുടെ പരാതിയിൽ Section 66D Information Technology Act 2000 പ്രകാരവും BNS നിയമത്തിലെ 318 വകുപ്പുപ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. പണം നഷ്ടപ്പെടാൻ സാധ്യതയുള്ള വ്യാജ ഓൺലൈൻ വെബ്സൈറ്റുകൾ, ആപ്ലിക്കേഷനുകൾ എന്നിവ കണ്ടെത്തി അവയെ ബ്ലോക്ക് ചെയ്യുകയും

*30-06-2026*
*Submission*

നാഷണൽ ക്രൈം റിപ്പോർട്ടിങ് പോർട്ടൽ (NCRP)-യിൽ രജിസ്റ്റർ ചെയ്യുന്ന പരാതികൾക്ക് കാരണമായിട്ടുള്ള വെബ്സൈറ്റുകൾ അനലൈസ് ചെയ്ത് അതിനുസമാനമായ വ്യാജ ഓൺലൈൻ വെബ്സൈറ്റുകൾ, ആപ്ലിക്കേഷനുകൾ എന്നിവ കണ്ടെത്തി നീക്കം ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ നാളിതുവരെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ യാതൊരുവിധ അംഗീകാരമോ ലൈസൻസോ ഇല്ലാതെ പ്രവർത്തിക്കുകയും സാമ്പത്തിക തട്ടിപ്പുകളിൽ ഏർപ്പെടുകയും ചെയ്ത 1836 വ്യാജ ലോൺ ആപ്പുകളുടെ ഇന്റർനെറ്റ് ആക്സസ് നിയമപരമായ പരിശോധനകൾക്കും കൃത്യമായ നടപടികൾക്കുംശേഷം ബ്ലോക്ക് ചെയ്തിട്ടുണ്ട്. തട്ടിപ്പുകൾക്കായി സൃഷ്ടിച്ച 5857 വ്യാജ ലോൺ വെബ്സൈറ്റുകളും കേരളാ പോലീസ് സൈബർ ഡിവിഷൻ പൂർണമായി സൈബർ സ്പേസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. ഇത്തരം തട്ടിപ്പുകൾ തടയാനായി Cyber dome-ന്റെ നേതൃത്വത്തിൽ സൈബർ പട്രോളിങ് നടത്തിവരുന്നുണ്ട്. ഇത്തരം തട്ടിപ്പുകൾ വ്യാപിക്കുന്നത് തടയുന്നതിന്റെ ഭാഗമായി അന്താരാഷ്ട്രതലത്തിലുള്ള സൈബർ വിദഗ്ധരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് എല്ലാ വർഷവും കേരളാ പോലീസ് 'കൊക്കൂൺ' എന്ന ഇന്റർനാഷണൽ സെമിനാർ നടത്തുകയും അതിലൂടെ ലഭിക്കുന്ന പുതിയ വിവരങ്ങളിലൂടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ് എന്നിവയുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്തുവരുന്നു. കൂടാതെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലെ സാമ്പത്തിക തട്ടിപ്പിന് കാരണമായേക്കാവുന്ന പരസ്യങ്ങളും പ്രൊഫൈലുകളും കണ്ടെത്തുകയും അവ പ്ലാറ്റ്ഫോമുകളിൽനിന്നും നീക്കംചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. RBI-യുടെ അംഗീകൃതമല്ലാത്തതും NBFC-യുടെ കീഴിലല്ലാത്തതുമായ വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകൾ കണ്ടെത്തി അവ ബ്ലോക്ക് ചെയ്തുവരുന്നുണ്ട്. സൈബർ തട്ടിപ്പുകൾ തടയുന്നതിനായി ദൃശ്യ-ശ്രാവ്യ നവമീഡിയാ മാധ്യമങ്ങൾ എന്നിവ വഴി ബോധവൽക്കരണ പരിപാടികളും ഡിജിറ്റൽ ഫോറൻസിക് അന്വേഷണം, അന്തർസംസ്ഥാന ഏകോപനം എന്നിവയും നടത്തിവരുന്നുണ്ട്.

ഓൺലൈൻ ഗെയിം കുട്ടികളെ ബാധിക്കുന്ന വലിയ പ്രശ്നമാണ്. പൊതുജനങ്ങൾക്ക് ഓൺലൈൺ ഗെയിമുകളുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി 24x7

*30-06-2026*
*Submission*

പ്രവർത്തിക്കുന്ന National Cyber Crime Reporting Portal (NCCRP) 1930 എന്ന ഹെൽപ് ലൈൻ നമ്പർ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സൈബർ തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് www.cybercrime.gov.in എന്ന പോർട്ടലിലൂടെയും 9497980900 എന്ന വാട്സ് ആപ്പ് നമ്പർ മുഖേനയും പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ ഗെയിമുകൾ ഇന്ന് വലിയ തോതിൽ കുട്ടികളെ ബാധിക്കുന്ന ഒന്നായി മാറിക്കഴിഞ്ഞിട്ടുള്ളതിനാൽ അതുമായി ബന്ധപ്പെട്ട കേസുകളിലുൾപ്പെട്ട അന്യസംസ്ഥാന പ്രതികളെ ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്ററിന്റെ സഹായത്തോടെ അറസ്റ്റ് ചെയ്തുവരികയാണ്. ഇത്തരം കുറ്റകൃത്യങ്ങളിലുൾപ്പെട്ടിട്ടുള്ള മൊബൈൽ ഫോണുകളും മറ്റും അന്വേഷിച്ച് കണ്ടുപിടിക്കുന്നതിനും അവയെ പ്രവർത്തനരഹിതമാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള പോർട്ടൽ സംവിധാനമായ സെൻട്രൽ എക്വിപ്മെന്റ് ഐഡന്റിറ്റി രജിസ്റ്റർ ഉപയോഗിച്ചുവരുന്നു. കുട്ടികളിലെ ഓൺലൈൻ ഗെയിം അഡിക്ഷൻ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമായി 'ചിരി' പദ്ധതിയുടെ ഹെൽപ് ലൈൻ നമ്പരായ 9497900200-യുമായി ബന്ധപ്പെടുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്. അതോടൊപ്പം വ്യാപകമായ തോതിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ഇന്ന് ഓൺലൈൻ വഴി പണം തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം അബിൻ വർക്കി ഇവിടെ സൂചിപ്പിച്ച കാര്യം നൂറുശതമാനവും ശരിയാണ്. ഓൺ ലൈൻ വഴി തട്ടിയെടുക്കുന്ന പണം ആദ്യം മ്യൂൾ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുകയും, അതിനുശേഷം ഈ തുക വിവിധ സംസ്ഥാനങ്ങളിലെ വിവിധ അക്കൗണ്ടുകളിലേക്ക് ചുരുങ്ങിയ സമയം കൊണ്ട് ട്രാൻസ്ഫർ ചെയ്തശേഷം ചെക്ക്/എ.ടി.എം. ഉപയോഗിച്ച് തുക പിൻവലിക്കുന്ന രീതി കണ്ടുവരുന്നുണ്ട്. ചില അവസരങ്ങളിൽ ഈ തുക ക്രിപ്റ്റോകറൻസിയായി മറ്റ് സംസ്ഥാനങ്ങളിലോ രാജ്യങ്ങളിലോ ഉള്ള ആളുകൾ മാറ്റിയെടുക്കുന്നു. അന്താരാഷ്ട്രതലത്തിൽ നടക്കുന്ന കുറ്റകൃത്യത്തിന്റെ ഒരു ഭാഗമാണ് ഇന്ന്

*30-06-2026*
*Submission*

കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പൊതുജനങ്ങൾക്ക് സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകളെക്കുറിച്ച് കേരളാ പോലീസ് സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ പരിശീലനവും മുന്നറിയിപ്പും നൽകുകയാണ്. 24x7 കേരളാ പോലീസിന്റെ സൈബർ സേന പ്രവർത്തിക്കുന്നതിനാൽ സൈബർ ക്രൈം റിപ്പോർട്ടിങ് നമ്പറായ 1930 എന്ന നമ്പറിലേക്ക് പരാതികൾ നൽകിയാൽ നടപടിയും ഡിജിറ്റൽ അറസ്റ്റുണ്ടാകുകയും ബന്ധപ്പെട്ട സ്റ്റേഷനുകളെയും ബാങ്കുകളെയും അറിയിച്ച് പണം നഷ്ടപ്പെടാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് സമഗ്രമായ Cyber Crime തടയാനുള്ള നടപടിയാണ്. അതിനെക്കുറിച്ച് കേരളാ പോലീസിലെ സൈബർ വിഭാഗം വളരെ ഗൗരവമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വൈകാതെ BNS നിയമമനുസരിച്ചും സെൻട്രൽ ആക്ടുകളനുസരിച്ചുമുള്ള സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കും. Cyber Crime-കൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അതിനെ ഫലപ്രദമായി തടയാൻ കേരളാ പോലീസ് ശക്തമായ നടപടികൾ സ്വീകരിക്കുകയും ഈ പദ്ധതി നടപ്പാക്കുകയും ചെയ്യും.

സോളാർ സ്ഥാപിക്കുന്നതിന് ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കൽ

ശ്രീ. പി. കെ. പ്രവീൺ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിലവിലുള്ള ട്രാൻസ്ഫോമറുകൾക്ക് ആവശ്യമായ കപ്പാസിറ്റിയില്ലാത്തതുകാരണം ഉപഭോക്താക്കൾക്ക് സൗരോർജം മുഖേന ലഭ്യമാക്കുന്ന വൈദ്യുതി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. പാറാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന പുല്ലായിത്തോട്, പുതുക്കമ്മൽ, ദണ്ഡപ്പറമ്പ്, മുക്കിൽപീടിക, മാവുള്ള പറമ്പ് എന്നീ ട്രാൻസ്ഫോമറുകൾക്ക് സോളാർ സ്ഥാപിക്കുന്നതിനുള്ള കപ്പാസിറ്റി പരിധി കഴിഞ്ഞവയാണ്. നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ്, പാട്യം, പാനൂർ, ചൊക്ലി എന്നീ സെക്ഷൻ ഓഫീസ് പരിധിയിലുള്ള ട്രാൻസ്ഫോമറുകളും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തിലുള്ള ക്രമാതീതമായ വർധനവാണ് ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കാരണം. ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർധിപ്പിച്ചുകൊണ്ടോ അഡീഷണൽ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചുകൊണ്ടോ

*30-06-2026*
*Submission*

ഗാർഹിക ഉപഭോക്താക്കൾക്കും സ്ഥാപന ഉടമകൾക്കും സോളാർ വൈദ്യുതി പ്രയോജനപ്പെടുത്താനും സൗരോർജം പ്രോത്സാഹിപ്പിക്കാനുമുള്ള ക്രമീകരണം ഏർപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, 2020-ലെ പുനരുപയോഗ ഊർജ-നെറ്റ് മീറ്ററിങ് റെഗുലേഷൻസിലെ റെഗുലേഷൻ 14(2) പ്രകാരം വിതരണ ശൃംഖലയുമായി പരസ്പരം ബന്ധിപ്പിക്കാൻ അനുവദിക്കാവുന്ന ഡിസ്ട്രിബ്യൂട്ടഡ് എനർജി സിസ്റ്റങ്ങളുടെ ആകെ ശേഷി ബന്ധപ്പെട്ട വിതരണ ട്രാൻസ്ഫോമർ ശേഷിയുടെ 75 ശതമാനത്തിൽ കവിയാൻ പാടില്ലെന്നാണ്. എന്നാൽ ഇത് 2024-ലെ പുനരുപയോഗ ഊർജ-നെറ്റ് മീറ്ററിങ് (രണ്ടാം ഭേദഗതി) റെഗുലേഷൻസ് പ്രകാരം, റെഗുലേഷൻ 14/2 അനുസരിച്ച് ട്രാൻസ്ഫോമറിന്റെ ശേഷി 90 ശതമാനമായി ഉയർത്തിയിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള 95920 ട്രാൻസ്ഫോമറുകളിൽ 1050-ഓളം ട്രാൻസ്ഫോമറുകൾക്കാണ് ഇത്തരത്തിൽ ലഭ്യത കുറവുള്ളത്. ഇത് കെ.എസ്.ഇ.ബി.എൽ.-ന്റെ ആകെ ട്രാൻസ്ഫോമറുകളുടെ 1.13 ശതമാനം മാത്രമാണ്. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പാട്യം സെക്ഷനിൽ ലഭിച്ച മൂന്ന് സോളാർ കണക്ഷനുകളുടെ അപേക്ഷകൾ മാത്രമാണ് ട്രാൻസ്ഫോമറിന് കപ്പാസിറ്റിയില്ലാത്തതുകാരണം നിലവിൽ പെൻഡിങ്ങായിട്ടുള്ളത്. നിയോജകമണ്ഡലത്തിൽ നിലവിൽ സോളാർ കണക്ഷന് ഫീസിബിലിറ്റി പരിധി എത്തിനിൽക്കുന്ന ട്രാൻസ്ഫോമറുകളുടെ സെക്ഷൻ തിരിച്ചുള്ള കണക്ക് ഇനി പറയുന്നതാണ്. പാനൂർ-4, പാറാട്-5, പെരിങ്ങത്തൂർ-1, കൂത്തുപറമ്പ്-6, കതിരൂർ-2, പാട്യം-3 ആകെ എണ്ണം 19 ആണ്. ഇതിൽ പാനൂർ സെക്ഷനിൽ കറാച്ചി, മാവിലേരി, രാജീവ് ഗാന്ധി സ്കൂൾ, ജമീല സ്റ്റോർ എന്നീ 100 KV ട്രാൻസ്ഫോമറുകളും പാറാട് സെക്ഷന്റെ കീഴിലുള്ള പുല്ലായിത്തോട് റോഡ് -100 KV, ദണ്ഡപ്പറമ്പ്-100 KV, പുതുക്കമ്മൽ-100 KV, ട്രാൻസ്ഫോമറുകളും പെരിങ്ങത്തൂർ സെക്ഷന്റെ കീഴിൽ വരുന്ന ഒലിപ്പിൻ 100 KV, കൂത്തുപറമ്പ് സെക്ഷന്റെ കീഴിലുള്ള പഴശ്ശി 100 KV -എന്നീ ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കേണ്ടതായിട്ടുണ്ട്. ബാക്കിയുള്ള ഒൻപത് ട്രാൻസ്ഫോമറുകളിലും നിലവിലുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ചുകൊണ്ട് നടപ്പിലാക്കുന്ന ദ്യുതി-2.0 പദ്ധതിയുടെ ഭാഗമായ 22(27)-ൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കിവരികയും പ്രവൃത്തി അന്തിമ ഘട്ടത്തിലുമാണ്. ആയതിനാൽ, സോളാർ ഫീസിബിലിറ്റിയില്ലാത്ത ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ, 2027-2032 വർഷങ്ങളിൽ നടപ്പാക്കുന്ന മൾട്ടി ഇയർ താരിഫ് (MYT) പദ്ധതിയുടെ ഡി.പി.ആർ. Seamless Integration of Renewables (പുനരുപയോഗ ഊർജത്തിന്റെ തടസമില്ലാത്ത സംയോജനം) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു. ഫീസിബിലിറ്റി ലഭ്യമല്ലാത്ത സോളാർ കണക്ഷനുകളുടെ പെൻഡിങ്ങുള്ള സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ, അനുബന്ധമായി ചേർത്തിട്ടുണ്ട്+. സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നൊരു വിഷയമാണ് ബഹുമാനപ്പെട്ട കൂത്തുപറമ്പ് അംഗം ഉന്നയിച്ചത്. പകൽ സമയത്ത് സോളാർ പദ്ധതിയിൽനിന്നും ലഭിക്കുന്ന വൈദ്യുതി രാത്രികാലങ്ങളിലെ പീക്ക് സമയങ്ങളിൽ വർധിച്ചുവരുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സ്റ്റോർ ചെയ്യുന്നതിനും ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതി (BESS)-യുടെ ആദ്യഘട്ടമായി നടപ്പാക്കുന്ന ആറ് പദ്ധതികൾ മൈലാട്ടി, ശ്രീകണ്ഠപുരം, അരിക്കോട്, പോത്തൻകോട്, ബ്രഹ്മപുരം എന്നിവിടങ്ങളിൽ സമയബന്ധിതമായി നടപ്പാക്കുന്നതിനും ഗവൺമെന്റും വൈദ്യുതി ബോർഡും ശ്രമിക്കുന്നുണ്ട്.

## താനൂരിൽ കടൽഭിത്തി നിർമ്മാണം

ശ്രീ. പി. കെ. നവാസ്: സർ, കേരളത്തിൽ പൊതുവെ കാലവർഷം വലിയ ഭീതിയും ആശങ്കയും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. താനൂർ നിയോജകമണ്ഡലത്തിലെ തീരദേശത്തുള്ള ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. കാലവർഷം ശക്തമാകുമ്പോഴെല്ലാം കടൽ അതിരുകൾ ലംഘിച്ച് കരയിലേക്ക് ഒഴുകുന്നൊരു സാഹചര്യം താനൂരിലുണ്ട്. കാര്യമായിട്ടുള്ള ഒരു കടൽഭിത്തി നിർമ്മാണം വർഷങ്ങളായി അവിടെ ഉണ്ടായിട്ടില്ല. ഏകദേശം പത്ത് കിലോമീറ്ററോളം

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

*30-06-2026*
*Submission*

ദൂരത്തെ കടൽഭിത്തിയുടെ പ്രശ്നം ഇനിയും പരിഹരിക്കേണ്ടതായിട്ടുണ്ട്. കടൽഭിത്തിയില്ലാത്തതുമൂലം നിരവധി വീടുകൾ തകർച്ചയുടെ വക്കിലാണ്. മാത്രമല്ല പല കുടുംബങ്ങളും ഓരോ മഴക്കാലത്തും സ്വന്തം ജീവനും സ്വത്തും സംരക്ഷിക്കാൻ രാത്രികളിൽ ഭയപ്പെട്ട് കിടന്നുറങ്ങുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ജീവനും സ്വത്തും ഒരുപോലെ അപകടാവസ്ഥയിലാകുന്ന സാഹചര്യമാണ് അവിടെയുള്ളത്. 'തീരദേശ സംരക്ഷണം' എന്നത് കേവലമൊരു വികസന പദ്ധതി മാത്രമല്ല, അത് ജനങ്ങളുടെ ജീവിക്കാനുള്ള അവകാശത്തെ വകവച്ചുകൊടുക്കാനുള്ള നമ്മുടെ ഉത്തരവാദിത്വം കൂടിയാണ്. 'പ്രിവൻഷൻ ഈസ് ബെറ്റർ ദാൻ ക്യൂവർ' എന്ന് പറയാറുണ്ട്. ദുരന്തം ഉണ്ടായതിനുശേഷം നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനെക്കാൾ ദുരന്തം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾക്കാണ് സർക്കാർ പ്രാധാന്യം നൽകേണ്ടത്. വയനാട് ദുരന്തം നമുക്ക് മുന്നിലുണ്ട്. താനൂരിൽ രണ്ടുമൂന്ന് വർഷങ്ങൾക്കുമുമ്പ് മുൻകരുതലുകളുടെ അഭാവംമൂലം ഇരുപത്തിരണ്ട് ജീവനുകൾ നഷ്ടപ്പെട്ട തൂവൽ തീരത്തെ ബോട്ട് അപകടവും നമുക്ക് മുന്നിലുണ്ട്. ഇനിയും അത്തരത്തിലുള്ള അനുഭവങ്ങൾ മലയാളികൾക്ക് പ്രത്യേകിച്ച് താനൂരിന് ഉൾക്കൊള്ളാനുള്ള സാഹചര്യമില്ല. അവിടെ ഇന്നലേയും ഇന്നും കടൽ പ്രക്ഷുബ്ധമാണ്. മത്സ്യബന്ധന യാനങ്ങൾ തകർന്ന വാർത്തകൾ ചാനലുകളിൽ വന്നുകൊണ്ടിരിക്കുകയാണ്. താനൂർ നിയോജകമണ്ഡലത്തിൽ കൽഭിത്തിയില്ലാത്ത ഇടകടപ്പുറം സൗത്ത്, ഇടകടപ്പുറം നോർത്ത്, പുതിയ കടപ്പുറം, ചീരാൻ കടപ്പുറം, ആൽബസാർ എന്നീ സ്ഥലങ്ങളിൽ അടിയന്തരമായി സ്ഥിരം കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള ഇടപെടലും അതോടൊപ്പം ഒസാൻ കടപ്പുറം ഉൾപ്പെടെയുള്ള മേഖലകളിൽ കാലപ്പഴക്കംമൂലം നിലവിലുണ്ടായിരുന്ന കടൽഭിത്തികൾ നാശോന്മുഖമായ സാഹചര്യവുമുണ്ട്. അവിടെ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിന് അടിയന്തരമായി ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകി കാലതാമസം കൂടാതെ ഈ പ്രവൃത്തി ആരംഭിക്കാൻ സർക്കാർ തയ്യാറാകണം. മറ്റ് തീരദേശ പ്രദേശങ്ങളിൽനിന്നും വ്യത്യസ്തമായി വലിയ ജനസാന്ദ്രതയുള്ള പ്രദേശമാണിത്. എന്തെങ്കിലും അപകടങ്ങളുണ്ടായാൽ വലിയ ആഘാതം സൃഷ്ടിക്കുന്ന പ്രദേശങ്ങളായതിനാൽ കടൽഭിത്തി നിർമ്മാണം ഉൾപ്പെടെയുള്ള

പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കാനും അത് പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. നവാസ് ഉന്നയിച്ച താനൂർ നിയോജകമണ്ഡലത്തിലെ കടലോര പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതും തകർന്ന കടൽഭിത്തികൾ പുനരുദ്ധരിക്കുന്നതും സംബന്ധിച്ചുള്ള സബ്മിഷൻ വളരെ ഗൗരവത്തോടെ സർക്കാർ കാണുകയാണ്. ജലസേചന വകുപ്പിന്റെ കീഴിൽ താനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പുതിയ കടപ്പുറം മുതൽ പൂരപ്പുഴ വരെ 12 കിലോമീറ്ററോളം കടൽത്തീരവും ചുരുങ്ങിയ ഭാഗത്ത് അഴിയുമാണുള്ളത്. ഇതിൽ 9.90 കിലോമീറ്റർ ഭാഗത്ത് കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കടൽഭിത്തിയില്ലാത്തതും ഭാഗികമായി തകർന്നതുമായ ഇടകടപ്പുറം, ചീരാൻ കടപ്പുറം, ഒസാൻ കടപ്പുറം, അൽബസാർ എന്നിവിടങ്ങളിൽ ഓരോ വർഷവും കടലാക്രമണം രൂക്ഷമാകുകയും അപകടങ്ങളുണ്ടാകുകയും ചെയ്യുന്നുണ്ട്. ഈ പ്രദേശങ്ങളുടെ രൂക്ഷമായ കടലാക്രമണം കണക്കിലെടുത്ത് കടൽഭിത്തിയില്ലാത്ത ഭാഗങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും ഭാഗികമായി തകർന്ന ഭാഗങ്ങളിൽ മെയിന്റനൻസ് നടത്തി പുനരുദ്ധരിക്കുന്നതിനുമാവശ്യമായ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അംഗം ചൂണ്ടിക്കാണിച്ച ഏഴ് പ്രദേശങ്ങളിലെയും വർക്കുകൾക്കുവേണ്ടി ഇറിഗേഷൻ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുകൂടാതെ താനൂർ നിയോജകമണ്ഡലത്തിൽ കോർവാൾ ഉപയോഗിച്ച് ഫിഷിങ് ഗ്യാപ്പുകൾ അടയ്ക്കുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്. ഇത്രയും വർക്കുകൾ നടപ്പാക്കിയാൽ മാത്രമേ അംഗം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഈ വർക്കുകൾക്ക് മുൻഗണന നൽകുന്നതാണ്. ഇപ്പോൾ ഫണ്ടിന്റെ അപര്യാപ്തതയുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് അതിന് മുൻഗണന നൽകാനും സാധ്യമായ ഫണ്ട് ലഭ്യമാക്കാനുമുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുന്നതാണ്. താനൂർ നിയോജകമണ്ഡലത്തിലെ പുതിയ കടപ്പുറത്ത് സി.പി. 1640-ന് തെക്ക് ഭാഗത്തേക്ക് 380 മീറ്ററോളം ദൂരം കടൽഭിത്തി തകർന്നുപോയത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തുന്നതിനുമുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജകമണ്ഡലത്തിലെ സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ സഭയിൽ ഉന്നയിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഇതുമായി ബന്ധപ്പെട്ട് സബ്മിഷനുകളും കത്തുകളും നൽകിയിരുന്നെങ്കിലും യാതൊരു നടപടിയുമുണ്ടായിട്ടില്ല. 1930-ൽ ബ്രിട്ടീഷുകാരുടെ കാലത്താണ് ഈ ആശുപത്രി ബത്തേരിയിൽ സ്ഥാപിച്ചത്. 1995-ലാണ് ഗവൺമെന്റ് ഈ ആശുപത്രിയെ താലൂക്കാശുപത്രിയായി ഏറ്റെടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ ആശുപത്രിയുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും അറിയാവുന്നതാണ്. അങ്ങ് എം.പി. ആയിരുന്ന കാലത്താണ് അഞ്ചേക്കർ ഭൂമിയിൽ ഈ ആശുപത്രിക്ക് ബിൽഡിങ്ങും മറ്റാവശ്യങ്ങളുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കിയത്. ഇപ്പോൾ മാനന്തവാടിയിൽ മെഡിക്കൽ കോളേജ് സ്ഥാപിച്ച സ്ഥിതിക്ക് ജില്ലയിൽ ജില്ലാശുപത്രിയില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. മാത്രമല്ല, ഇതൊരു ജില്ലാശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും അവിടെയുണ്ട്. എൻ.എച്ച്.എം. ഫണ്ടുപയോഗിച്ചും സർക്കാർ ഫണ്ടുപയോഗിച്ചും നിർമ്മിച്ച കെട്ടിട സമുച്ചയങ്ങൾ അവിടെയുണ്ട്. അത്യാഹിതവിഭാഗത്തിൽ മൂന്നുറോളം രോഗികളും ഒ.പി.-യിൽ ആയിരത്തിലധികം രോഗികളും ദിനംപ്രതി ഈ ആശുപത്രിയിൽ എത്തുന്നുണ്ട്. ഇരുന്നൂറോളം രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം നിലവിലുണ്ട്. പക്ഷെ, 1985-ലെ പാറ്റേണനുസരിച്ചുള്ള 57 ബെഡ് സ്ട്രെങ്ത്താണ് അവിടെയുള്ളത്. മാസത്തിൽ മുന്നൂറിലധികം പോസ്റ്റ്മോർട്ടങ്ങൾ നടക്കുന്നുണ്ട്. കാരണം അവിടെ ഹൈടെക് രീതിയിലുള്ള മോർച്ചറിയാണുള്ളത്. വയനാട് ജില്ലയിലെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികൾ എടുത്തുപരിശോധിക്കുമ്പോൾ അത് മനസ്സിലാകും. അതുപോലെ വൈറോളജി

ലാബ്, ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ്, ബ്ലഡ് ബാങ്ക്, ഓപ്പറേഷൻ തിയേറ്റർ, സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ബിൽഡിങ് എന്നിവ അവിടെയുണ്ട്. ഇക്കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. വയനാട്ടിൽ ഷിഗെല്ല രോഗം വന്നപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങളിലിടപ്പെട്ട് അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അവിടെ സന്ദർശിച്ച് അവിടത്തെ എല്ലാ ബിൽഡിങ് സമുച്ചയങ്ങളും പരിശോധിച്ച് വിലയിരുത്തുകയും ചെയ്ത അങ്ങ് ഇക്കാര്യത്തിൽ വളരെ ശക്തമായ രീതിയിലുള്ള ഇടപെടൽ നടത്തണം. അവിടത്തെ ഒഴിവുകൾ ഞാൻ അങ്ങേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് സർജൻ ജനറൽ ഒ.പി., ഫോറൻസിക് സർജൻ, ജൂനിയർ കൺസൾട്ടന്റ് ബ്ലഡ് ബാങ്ക്, നഴ്സിങ് ഓഫീസർ, ലേ സെക്രട്ടറി, ഹെഡ് ക്ലാർക്ക്, ഓഫീസ് ക്ലർക്ക് ഇത്തരം തസ്തികകളൊന്നുമില്ല. അതിന് പ്രത്യേക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മൂന്നുതവണ വയനാട് ഡി.എം.ഒ. ഈ പ്രൊപ്പോസൽ അയച്ചതാണ്. മാത്രമല്ല നഴ്സിങ് അസിസ്റ്റന്റുമാരുടെ കുറവുമുണ്ട്. വയനാട് ജില്ലയിൽ പി.എസ്.സി. ലിസ്റ്റ് നിലനിൽക്കുന്നുണ്ട്. പ്രസ്തുത ലിസ്റ്റിൽനിന്നും ഒരു നിയമനവും നടത്താൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞില്ല. ആ ഹോസ്പിറ്റലിന്റെ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നതും സർവകക്ഷി നേതാക്കളുമായി ആലോചിച്ച് ഒരു സമുച്ചയം തീർക്കുന്നതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതും യഥാർഥത്തിൽ അങ്ങ് എം.പി. ആയിരുന്ന കാലഘട്ടത്തിലാണ്. പി. സി. അഹമ്മദ് ഹാജിയുടെ നേതൃത്വത്തിലാണ് ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞതെന്ന് അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അതിനാൽ സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്തുന്നതിനും ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് ഒഴിവുകൾ നികത്തി ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഇടപെടലുണ്ടാകണമെന്നതാണ് സഭയുടെ മുമ്പാകെ ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, വയനാട് സുൽത്താൻ ബത്തേരി താലൂക്കാശുപത്രി ജില്ലയിലെതന്നെ ഏറ്റവും പഴക്കം ചെന്ന

ആശുപത്രികളിലൊന്നാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഞാൻ എം.പി. ആയിരുന്ന സന്ദർഭത്തിലാണ് 1995-ൽ പ്രസ്തുത ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുന്നത്. എന്റെ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള കെട്ടിടവും ഈ ആശുപത്രിയിലുണ്ട്. വയനാട് ജില്ലയിലെ ബഹുഭൂരിപക്ഷം ആദിവാസി ഗോത്രവർഗങ്ങളിൽ ഉൾപ്പെട്ടവർ അധിവസിക്കുന്ന ഈ പ്രദേശത്തെ പ്രധാന റഫറൽ ആശുപത്രിയാണ് കൂടിയാണ്.

ആർദ്രം മാനദണ്ഡപ്രകാരം ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയെന്നതാണ് സർക്കാരിന്റെ നയം. എന്നാൽ വയനാട് ജില്ലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 22-04-2016-ലെ സർക്കാർ ഉത്തരവുപ്രകാരം പ്രസ്തുത ജില്ലയിൽനിന്നും മാനന്തവാടി ജില്ലാ ആശുപത്രിയെയും കൽപ്പറ്റ ജനറൽ ആശുപത്രിയെയും ജില്ലാതല ആശുപത്രിയായി തിരഞ്ഞെടുത്തിരുന്നു. ആർദ്രം മാനദണ്ഡപ്രകാരം സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയെ താലൂക്കാസ്ഥാന ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവിടത്തെ അംഗീകൃത കിടക്കകളുടെ എണ്ണം 57 ആണെങ്കിലും നിലവിൽ 180-ഓളം കിടക്കകൾ ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. ഇവിടെ നിർമ്മാണം പൂർത്തിയായി വരുന്ന ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് പ്രവർത്തന ക്ഷമമാകുന്നതോടുകൂടി ഏകദേശം ഇരുന്നൂറിനുമുകളിൽ കിടക്കകൾ ഇവിടെ ക്രമീകരിക്കാൻ സാധിക്കും. നിലവിൽ ഈ ആശുപത്രിയിൽനിന്നും ജനറൽ സർജറി, പീഡിയാട്രിക്, ഗൈനക്കോളജി, ഇ.എൻ.ടി. & ഓഡിയോളജി, ഓർത്തോപീഡിക്സ്, ഓഫ്ത്താൽമോളജി & ഒപ്റ്റോമെട്രി, റെസ്പിറേറ്ററി അനസ്തേഷ്യ, ഡെന്റൽ, പി.പി. യൂണിറ്റ്, ബ്ലഡ് ബാങ്ക്, എക്സ്റേ, അൾട്രാസൗണ്ട് സ്കാനിങ്, ICTC ഓപ്പറേഷൻ തിയേറ്റർ, ആംബുലൻസ് സർവീസ്, ഐ.സി.യു., മോർച്ചറി, ഡയാലിസിസ് യൂണിറ്റ്, ട്രൈബൽ മൊബൈൽ യൂണിറ്റ്, എൻ.സി.ഡി. ക്ലിനിക്, പോസ്റ്റ്മോർട്ടം യൂണിറ്റ്, ഭൂമിക, ന്യൂട്രിഷൻ സെന്റർ എന്നീ സേവനങ്ങൾ ലഭ്യമാകുന്നുണ്ട്.

പ്രസ്തുത ആശുപത്രിയിൽ നിലവിൽ സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെ 23 ഡോക്ടർമാർ, സ്റ്റാഫ് നഴ്സ് 19 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 89 അംഗീകൃത തസ്തികകളുണ്ട്. ഇതിനുപുറമെ നാല് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 68 താൽക്കാലിക ജീവനക്കാരെ എൻ.എച്ച്.എം. മുഖാന്തരം നിയമിച്ചിട്ടുണ്ട്. കൂടാതെ,

എൽ.എസ്.ജി.ഡി./എച്ച്.എം.സി. മുഖാന്തരം 96 താൽക്കാലിക ജീവനക്കാരുടെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. 164 താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ ആകെ 253 ജീവനക്കാരുടെ സേവനമാണ് നിലവിൽ ഈ ആശുപത്രിയിലുള്ളത്.

വയനാട് ജില്ലയിൽനിന്നുള്ള മാനന്തവാടി ജില്ലാശുപത്രിയെ 12-02-2021-ലെ സർക്കാർ ഉത്തരവുപ്രകാരം അതിനെ താൽക്കാലികമായി മെഡിക്കൽ കോളേജായി ഉയർത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജായി ഉയർത്തിയെങ്കിലും ഇത് പൂർണ്ണമായും റഫറൽ ആശുപത്രിയെന്ന നിലയിലല്ല ഇപ്പോൾ പ്രവർത്തിക്കുന്നത്. എല്ലാ വിഭാഗം പൊതുജനങ്ങൾക്കും ഈ ആശുപത്രിയിൽനിന്നും ചികിത്സ ലഭിക്കുന്നുണ്ട്.

ആശുപത്രികളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ ഉപരി നിലവിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യവും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തി ആശുപത്രികളെ രോഗീ-സൗഹൃദമാക്കുകയും ഇവിടെനിന്നും മികച്ച രോഗീപരിചരണം സാധ്യമാക്കുകയും ചെയ്യുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ഗ്യാപ് അനാലിസിസ് അധികമായി ആവശ്യമുള്ള തസ്തികകൾ എത്രയെന്ന് കണ്ടെത്തി പ്രൊപ്പോസൽ പുനർ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരിക്കുകയാണ്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് അതുസംബന്ധിച്ച് പരിശോധിച്ച് സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയെ ജില്ലാശുപത്രിയാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

<u>കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ പ്രത്യേക ചികിത്സാ വിഭാഗങ്ങൾ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ആരോഗ്യ മേഖലയിൽ അങ്ങയുടെ ചടുലമാർന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. 1956-ൽ ജനറൽ ഡിസ്പെൻസറിയായി പ്രവർത്തനമാരംഭിച്ച കരുനാഗപ്പള്ളി ആശുപത്രി 1964-ൽ താലൂക്ക് ആശുപത്രിയായി ഉയർന്നു. വണ്ടാനം മെഡിക്കൽ കോളേജ് കഴിഞ്ഞാൽ ദേശീയപാതയുടെ സമീപത്തായും കൊല്ലത്തിന്റെയും ഇടയിൽ സ്ഥിതി ചെയ്യുന്ന ഏക ആശുപത്രിയാണിത്. സുനാമി ദുരന്തം നടന്ന തീരപ്രദേശം ഉൾപ്പെടുന്ന താലൂക്കാശുപത്രി. ടാങ്കർ ദുരന്തങ്ങളും മറ്റ്

*30-06-2026*
*Submission*

വാഹനാപകടങ്ങളും അപകടമരണങ്ങളും ദിനംപ്രതി വരുന്ന ആശുപത്രിയാണ്. രാവിലെ മുതൽ ഉച്ചവരെ 1700 ഒ.പി.-യും ഒരു മണി മുതൽ രാത്രി എട്ട് മണി വരെ ഏകദേശം 400 ഒ.പി.-യും അടക്കം ഒരു ദിവസം 2100 ഒ.പി. നടക്കുന്ന ആശുപത്രിയാണ്. ഇത്രയേറെ പഴക്കമുള്ളതും മേല്പറഞ്ഞ വിഷയങ്ങളെല്ലാം നിലനിൽക്കുന്നതുമായ ആശുപത്രിയുടെ ശോചനീയാവസ്ഥ ഞാൻ ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത്രയേറെ രോഗികൾ വരുന്ന ഈ ആശുപത്രിയിൽ ആകെ 23 ഡോക്ടർമാരുടെ സേവനമാണുള്ളത്. 2100-ഉം 23-ഉം തമ്മിലുള്ള അന്തരം പരിശോധിക്കണം. നിലവിലുള്ള ഡോക്ടർമാരിൽത്തന്നെ പീഡിയാട്രീഷ്യൻ, നേത്രരോഗ വിദഗ്ധൻ, റേഡിയോളജിസ്റ്റ് എന്നീ വിഭാഗങ്ങളിൽ ഒഴിവുകൾ നിലനിൽക്കുകയാണ്. ഇവരെ ഇതുവരെയും നിയമിച്ചിട്ടില്ല. ഇവരെ അടിയന്തരമായി നിയമിക്കണമെന്ന് ആവശ്യപ്പെടുകയാണ്. എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച ഡയാലിസിസ് മെഷീനിന്റെ പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് 33 ഡയാലിസിസ് നടക്കുന്ന താലൂക്കാശുപത്രിയിൽ ഇതുവരെയും ഒരു നെഫ്രോളജിസ്റ്റില്ല. സി.ടി. സ്കാൻ മെഷീൻ വാങ്ങാൻ തുകയുണ്ടായിട്ടും ഗവൺമെന്റിന്റെ അനുവാദത്തിന് കത്തുനൽകി കാത്തിരിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ക്യാൻസർ രോഗികളുണ്ടെന്ന് കണ്ടെത്തിയ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഇതുവരെയും ഒരു ക്യാൻസർ ചികിത്സാ വിഭാഗം ആരംഭിക്കാൻ സാധിച്ചിട്ടില്ല. നിലവിലുള്ള രോഗികൾ തിരുവനന്തപുരം ആർ.സി.സി. ഉൾപ്പെടെ അകലെയുള്ള കേന്ദ്രങ്ങളെയാണ് ആശ്രയിക്കുന്നത്. പശ്ചാത്തല സൗകര്യം ഏറെയുള്ള കരുനാഗപ്പള്ളി ആശുപത്രിയിൽ ഒരു ക്യാൻസർ രോഗ വിഭാഗത്തിന്റെ സെന്റർ ആരംഭിച്ചാൽ ആ പ്രദേശത്തെ സാധാരണക്കാരായ ക്യാൻസർ രോഗികൾക്ക് ഏറെ ആശ്വാസകരമാണ്. ദേശീയപാതയുടെ സമീപമായതുകൊണ്ട് അപകടങ്ങളും അപകട മരണങ്ങളും പ്രകൃതി ദുരന്തങ്ങളുമുണ്ടാകുന്ന കാര്യങ്ങളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. പ്രസ്തുത ആശുപത്രിയിൽ ഇതുവരെ ഒരു ബ്ലഡ് ബാങ്ക് ആരംഭിക്കാൻ സാധിച്ചിട്ടില്ല. എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും എം.പി. ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടും സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പ്രസ്തുത പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുകയാണ്. പൂർണ്ണ ആരോഗ്യത്തോടെയുള്ള ആളുകൾപോലും കുഴഞ്ഞുവീണ്

മരിക്കുന്ന കാലഘട്ടമാണിത്. ഹൃദ്രോഗികളുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ ഹൃദ്രോഗ സംബന്ധമായ ചികിത്സ ലഭ്യമാക്കുന്നതിന് അടിയന്തരമായി ഒരു കാർഡിയോളജി വിഭാഗം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും ഞാൻ ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാ ദിവസവും ധാരാളം പോസ്റ്റ്മോർട്ടം നടക്കുന്ന ആശുപത്രിയാണിത്. പനി വന്ന് മരിച്ചാൽ പോലും പോസ്റ്റ്മോർട്ടം ചെയ്യേണ്ട സാഹചര്യമാണ് നിലവിൽ പല ഭാഗത്തുനിന്നുമുണ്ടാകുന്നത്. അതിനാൽ അത്യാവശ്യമായി ഒരു പൊലീസ് സർജനെ കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ നിയോഗിച്ചാൽ ഏറെ നല്ലതായിരിക്കും. നിലവിൽ 64 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഏകദേശം 95 ശതമാനം പൂർത്തിയായ പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണവും ഉദ്ഘാടനവും നടത്താൻ വൈകുന്നത് ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം വേഗത്തിൽ നിർവഹിക്കുന്നതോടുകൂടി പശ്ചാത്തല സൗകര്യം ഏറെയുള്ള പ്രസ്തുത ആശുപത്രിയുടെ എല്ലാ സാഹചര്യങ്ങളും പരിശോധിച്ചശേഷം കരുനാഗപ്പള്ളി താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, കരുനാഗപ്പള്ളി താലൂക്കിൽ കാൻസർ രോഗികൾക്ക് ആശ്രയമായി ഒരു ഡേ കെയർ കീമോതെറാപ്പി സെന്റർ ആരംഭിക്കുന്നതിന് കാൻസർ കെയർ പ്രോഗ്രാമിന്റ് ഭാഗമായി 15 ലക്ഷം രൂപ കരുനാഗപ്പള്ളി താലൂക്കാശുപത്രിക്ക് അനുവദിച്ചിരുന്നു. പ്രസ്തുത ഫണ്ടുപയോഗിച്ച് കാൻസർ കെയർ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി Multi Parameter Monitor, Monitor Stands, Infusion Pumps And Bio Safety Cabinet എന്നീ ഉപകരണങ്ങൾ വാങ്ങാൻ കെ.എം.എസ്.സി.എൽ.-നിന്നും 9,97,152/- രൂപ അഡ്വാൻസായി നൽകിയതിൽ കെ.എം.എസ്.സി.എൽ. Infusion Pump ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയ്ക്ക് ഐ.സി.യു. മോഡൽ ബെഡ് കോട്ടുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

നിലവിൽ പ്രസ്തുത ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എം.എൽ.എ.-യുടെ 2022-23 വർഷത്തെ പ്രത്യേക വികസന പദ്ധതിയിലുൾപ്പെടുത്തി ബ്ലഡ്

*30-06-2026*
*Submission*

ബാങ്ക് സ്ഥാപിക്കുന്നതിന് LSGD മുഖേന 30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമായിരുന്നു. ടി പ്രവൃത്തിക്ക് എം.പി. ഫണ്ടിൽനിന്നും 25 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഒരു പ്രവൃത്തിക്ക് ഒന്നിലേറെ ഫണ്ടുപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പാക്കുന്നതിനായി എം.എൽ.എ. ഫണ്ട് വിനിയോഗിക്കാവുന്നതാണെന്ന വിവരം കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിച്ചിട്ടുണ്ട്.

നിലവിലെ മാനദണ്ഡപ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നീ സേവനങ്ങൾ നിലവിൽ ജില്ലാതല ആശുപത്രികളിലാണ് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം കൊല്ലം ജില്ലയിൽ കൊല്ലം ജില്ലാശുപത്രിയാണ് ജില്ലാതല ആശുപത്രിയുടെ പട്ടികയിലുൾപ്പെട്ടിട്ടുള്ളത്. നിലവിൽ ആശുപത്രിയിലെത്തുന്ന ഹൃദ്രോഗികൾക്ക് ജനറൽ ഫിസിഷ്യന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. IPHS മാനദണ്ഡമനുസരിച്ച് രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവന കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങളുൾപ്പെടുത്തി ഗ്യാപ്പ് അനാലിസിസ് നടത്തി വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ കെട്ടിട നിർമ്മാണത്തിന് 90 കോടി രൂപയുടെ ഭരണാനുമതിയും 83.97 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ കെട്ടിടത്തിന്റെ മുകളിലെ രണ്ട് നിലകളുടെ വെർട്ടിക്കൽ എക്സ്പാൻഷൻ പൂർത്തിയായി. പ്രസ്തുത സ്ഥാപനത്തിലെ കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. അതിനുപുറമേ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ അടുത്ത ദിവസംതന്നെ ഇതുസംബന്ധിച്ച ഒരു യോഗം കൂടുന്നതാണ്. അതിനുശേഷം ഇതിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

*30-06-2026*
*Submission*

<u>കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഫോറൻസിക് സർജൻ നിയമനം</u>

<u>ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ</u>: സർ, കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ആരോഗ്യരംഗത്ത് കാസർഗോഡ് ജില്ലയിലെ സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആശുപത്രിയാണ് കാഞ്ഞങ്ങാട് ജില്ലാശുപത്രി. മലയോര മേഖലയിലെ നിരവധി പഞ്ചായത്തുകളുൾപ്പെടുന്ന വെള്ളരിക്കുണ്ട്, ഹോസ്ദുർഗ് താലൂക്കുകളിലെ ആയിരക്കണക്കിന് ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയാണിത്. ഒരു വർഷം നൂറ്റിയൻപതോളം പോസ്റ്റുമോർട്ടം നടത്തുന്ന കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ പോസ്റ്റുമോർട്ടം വിദഗ്ധനായ ഫോറൻസിക് സർജന്റെ തസ്തികയില്ല. ദുരൂഹ മരണങ്ങൾ സംഭവിക്കുന്ന സാഹചര്യത്തിലും ആശുപത്രിയിലെത്തുന്നതിനുമുമ്പുള്ള മരണങ്ങളിലും ഇൻക്വസ്റ്റിൽ മരണ കാര്യത്തിൽ സംശയം രേഖപ്പെടുത്തുന്ന കേസുകളിലും ഫോറൻസിക് സർജൻ ഇല്ലെന്ന കാരണത്താൽ ജില്ലാശുപത്രിയിലെത്തിക്കുന്ന മൃതദേഹങ്ങൾ പരിയാരം കണ്ണൂർ മെഡിക്കൽ കോളേജുകളിലേയ്ക്കോ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്കോ കൊണ്ടുപോകേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ഇത് കുടുംബങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നുവെന്ന് മാത്രമല്ല ഇതുമൂലമുണ്ടാകുന്ന കാലതാമസം മൃതദേഹത്തോട് കാണിക്കുന്ന അനാദരവുകൂടിയാണ്. ദിവസേന ധാരാളം മൃതദേഹങ്ങളാണ് ഇത്തരത്തിൽ ജില്ലാശുപത്രിയിലെത്തുന്നത്. മരണ കാര്യത്തിൽ സംശയമില്ലാത്ത മൃതദേഹങ്ങൾ മാത്രമാണ് നിലവിൽ ജില്ലാ ആശുപത്രിയിൽ പോസ്റ്റുമോർട്ടം ചെയ്യുന്നത്. സാധാരണ മരണങ്ങളിൽ ആശുപത്രിയിലെ ഡോക്ടർമാർക്ക് പ്രത്യേക ഡ്യൂട്ടി നൽകിയാണ് പോസ്റ്റുമോർട്ടം ചെയ്തുവരുന്നത്. ഫോറൻസിക് സർജനില്ലാത്തതുകൊണ്ടുണ്ടാകുന്ന ഈ ബുദ്ധിമുട്ട് അടിയന്തരമായി പരിഹരിക്കേണ്ടതാണ്. ആയതിനാൽ കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

*30-06-2026*
*Submission*

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, കാസർഗോഡ് ജില്ലയിൽ ജില്ലാതല ആശുപത്രികളായ കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാശുപത്രി എന്നീ രണ്ട് സ്ഥാപനങ്ങളിലാണ് പോസ്റ്റുമോർട്ടം നടത്തിവരുന്നത്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ ഒരു ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജൻ, ഒരു സീനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജൻ എന്നിങ്ങനെ രണ്ട് ഫോറൻസിക് സർജൻ തസ്തികകളാണുള്ളത്. ജൂനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജൻ തസ്തികയിൽ ഡോക്ടർ സേവനമനുഷ്ഠിക്കുന്നുണ്ട്. നിലവിൽ സീനിയർ കൺസൾട്ടന്റ് ഫോറൻസിക് സർജൻ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജനറൽ ആശുപത്രിയിൽ 24 മണിക്കൂറും പോസ്റ്റുമോർട്ടം നടത്തിവരുന്നുണ്ട്.

കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ 2024-ൽ ഏകദേശം 135-ഉം 2025-ൽ 145-ഉം 2026-ൽ ഇതുവരെ 67-ഓളം പോസ്റ്റുമോർട്ടങ്ങളും നടത്തിയിട്ടുണ്ട്. ഫോറൻസിക് സർജന്റെ തസ്തികയില്ലാത്തതിനാൽ ജില്ലാശുപത്രിയിലെ ഡ്യൂട്ടി ഡോക്ടർമാരെ ഉപയോഗിച്ചാണ് സ്ഥാപനത്തിൽ പോസ്റ്റുമോർട്ടം നടത്തിവരുന്നത്. അതുകൊണ്ടുതന്നെ പല കേസുകളും 30 കിലോമീറ്റർ അകലെയുള്ള ജനറൽ ആശുപത്രിയിലേയ്ക്കോ 80 കിലോമീറ്റർ അകലെയുള്ള കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജിലേയ്ക്കോ റഫർ ചെയ്യേണ്ടിവരുന്നുണ്ട്.

കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ 2024-ൽ ഏകദേശം 62 കേസുകളും 2025-ൽ 51 കേസുകളും 2026-ൽ ഇതുവരെ 23 കേസുകളും ഫോറൻസിക് സർജന്റെ അഭാവംമൂലം റഫർ ചെയ്യേണ്ടിവന്നിട്ടുണ്ട്. ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഫോറൻസിക് സർജൻ തസ്തികകൾകൊണ്ട് മാത്രം ജില്ലയിലെ ആവശ്യം നിറവേറ്റാൻ പര്യാപ്തമല്ല. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ജില്ലാതല ആശുപത്രിയായതിനാൽ പ്രസ്തുത സ്ഥാപനത്തിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. പ്രസ്തുത സ്ഥാപനത്തിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ചിരുന്നു. ആയതിൽ അപാകതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ്

ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും നിർദേശം നൽകിയിരുന്നു. ആയത് 29-06-2026-ന് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭിക്കുന്നമുറയ്ക്ക് ആയതുമായി ബന്ധപ്പെട്ട് ഉചിതമായ തുടർനടപടി സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്.

നിലവിലെ മാനദണ്ഡപ്രകാരം ഘട്ടം ഘട്ടമായാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. 24 മണിക്കൂറും പോസ്റ്റുമോർട്ടം സേവനം നൽകുന്ന കാസർഗോഡ് ജില്ലയിലെ ജില്ലാതല ആശുപത്രികളിലൊന്നായ കാസർഗോഡ് ജനറൽ ആശുപത്രിയിൽ 23-12-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിച്ച് പ്രസ്തുത ആശുപത്രിയിൽ രണ്ട് ഫോറൻസിക് സർജന്റെ തസ്തികകൾ ഉറപ്പാക്കിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിലും ഘട്ടംഘട്ടമായി തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ഭൂമിക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വെള്ളായണി കായൽ വിതാനത്തിൽ അകപ്പെട്ടുപോയ 700-ഓളം കർഷകരുടെ ഭൂമിക്ക് മതിയായ വില നൽകി ഏറ്റെടുക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഞാൻ ഇതിനുമുമ്പും പലതവണ ഈ വിഷയം സഭയിൽ ഉന്നയിച്ചിരുന്നതായിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് കഴിഞ്ഞ വർഷം ജനുവരി മാസം അവസാനം സബ്മിഷനായി ഉന്നയിക്കുകയുണ്ടായി. എന്നാൽ കാര്യമായ നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത. 1991 വരെ ഇരിപ്പൂ കൃഷി നടത്തിയിരുന്ന നിലമാണ്. അവിടെ വർഷംതോറും കായൽവെള്ളം വറ്റിച്ചാണ് കൃഷി നടത്തിയിരുന്നത്. 700-ഓളം കുടുംബങ്ങളുടെ പ്രധാനപ്പെട്ട ഉപജീവന മാർഗവും ഈ കൃഷിയാണ്. 1991-ലെ സർക്കാർ ഉത്തരവുപ്രകാരം വാട്ടർ റിസർവ് ഏരിയയായി നിലനിർത്തണമെന്ന് പറഞ്ഞുകൊണ്ട് കായൽ വറ്റിച്ച് കൃഷി നടത്താൻ സാധിക്കാത്ത സാഹചര്യമുണ്ടായി. കഴിഞ്ഞ കാൽ നൂറ്റാണ്ടായി ഈ കർഷകർക്ക് അവരുടെ

*30-06-2026*
*Submission*

ഭൂമിയിൽ കൃഷി നടത്താൻ സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. 16-05-2017-ൽ അന്നത്തെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ റവന്യൂ, ജലസേചനം ഉൾപ്പെടെയുള്ള വകുപ്പുകളിലെ മന്ത്രിമാർ യോഗം ചേർന്ന് ഈ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചു. എന്നാൽ 2022-ൽ ഇത്രയും ഭൂമിക്ക് നിശ്ചയിച്ച വില 6 കോടി രൂപയാണ്. അതിനുശേഷം 2024-ൽ പലവിധ സമ്മർദ്ദങ്ങളുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ 6 കോടി രൂപ ഉൾപ്പെടെ മൊത്തം അടങ്കൽ തുക 65 കോടി രൂപയായി വർധിപ്പിച്ചു. 65 കോടി രൂപയായി വർധിപ്പിക്കുമ്പോഴും ഒരു സെന്റ് ഭൂമിയുടെ വില 18000 രൂപയാണ്. തിരുവനന്തപുരം കോർപ്പറേഷനുമായി അതിരിടുന്ന പ്രദേശമാണത്. സെന്റിന് 5 മുതൽ 10 ലക്ഷം രൂപ വരെ വിലപിടിപ്പുള്ള സ്ഥലമാണ്. അതിന് 18000 രൂപ വിലയിട്ട് പരിഹാസ്യമായ നിലപാടാണ് കർഷകരോട് സ്വീകരിച്ചത്. 25 വർഷമായി കൃഷി ചെയ്യാൻ സാധിക്കാതെ പ്രയാസം അനുഭവിക്കുന്ന കർഷകരോട് ഈ വില നിശ്ചയിച്ചതിലൂടെ വലിയ പരിഹാസ്യമായ സമീപനമാണ് ഗവൺമെന്റുകൾ സ്വീകരിച്ചിരുന്നതെന്ന് ഈ അവസരത്തിൽ എടുത്തുപറയുകയാണ്. കർഷകരെ സംബന്ധിച്ച് ഈ ഭൂമി തിരിച്ചെടുക്കാൻ സാധിക്കില്ല. കാരണം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, രണ്ട് പഞ്ചായത്തുകൾ, വിഴിഞ്ഞം കോർപ്പറേഷൻ ഏരിയ ഉൾപ്പെടെ വെള്ളം വിതരണം ചെയ്യുന്ന മൂന്ന് പ്രൊജക്ടുകളുള്ള പ്രദേശമാണിത്. നിലവിൽ വെള്ളായണി കായലിന്റെ നവീകരണത്തിന് 96 കോടി രൂപയുടെ പ്രൊജക്ട് നടന്നു കൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രൊജക്ട് മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ഈ ഭൂമി ഏറ്റെടുക്കാതെ സാധിക്കുകയില്ല. പ്രസ്തുത പദ്ധതി ആരംഭിച്ചിട്ട് രണ്ട് വർഷമായി. പ്രസ്തുത വിഷയത്തിന് പരിഹാരം കണ്ടെത്താൻ സാധിച്ചില്ലെങ്കിൽ 96 കോടി രൂപയുടെ പദ്ധതി അനന്തമായി നീണ്ടുപോകുകയും ഓരോ വർഷം കഴിയുമ്പോഴും ഒരു escalation തുക നൽകേണ്ട സാഹചര്യമുണ്ടാകുകയും ചെയ്യും. അതിനാൽ കർഷകരെ സംബന്ധിച്ച് കൃഷി ചെയ്യാനും ആ ഭൂമി ഏറ്റെടുക്കാനും സാധിക്കാത്തൊരു സാഹചര്യമാണ് നിലനിൽക്കുന്നത്. എന്റെ പ്രധാനപ്പെട്ട ആവശ്യം, കർഷകരുടെ ഭൂമിക്ക് നിലവിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന 65 കോടി രൂപ വർധിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. അഞ്ച് ലക്ഷത്തിലധികം വിലയുള്ള ഭൂമിയാണ്. നിസാരമായ വിലയാണ്

നൽകിയിരിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുൻകൈയെടുത്ത് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൃഷി, ജലസേചനം വകുപ്പുകളിലെ മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുകൂട്ടുകയും കാൽനൂറ്റാണ്ടായി കർഷകർ അനുഭവിക്കുന്ന പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് അവതരിപ്പിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിലും അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. 1990-വരെ കർഷകരുടെ കൈവശഭൂമിയും വെള്ളായണി കാർഷിക കോളേജിന്റെ അധീനതയിലുള്ള 400 ഏക്കർ ഭൂമിയും ഉൾപ്പെടെ ഇൻസെന്റീവ് നൽകിക്കൊണ്ട് കർഷകർക്ക് പുഞ്ച കൃഷി ചെയ്യുന്നതിനായി നൽകിയിരുന്നുവെങ്കിലും ശുദ്ധജല സംഭരണിയായി സംരക്ഷിക്കേണ്ടതുള്ളതിനാൽ വെള്ളം വറ്റിച്ച് കൃഷി ചെയ്യുന്നതിന് പിന്നീട് തടസ്സംനേരിടുകയും ഏകദേശം 87.19 ഹെക്ടർ ഭൂമി വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായി തീരുകയുമുണ്ടായി. കൃഷി ഇറക്കാൻ സാധിക്കാത്ത കർഷകരുടെ ഭൂമിക്ക് ന്യായമായ പ്രതിഫലം നൽകി ഏറ്റെടുക്കാൻ 16-05-2017-ൽ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഐകകണ്ഠ്യേന തീരുമാനമെടുത്തു. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ ഏതാണ്ട് 6 കോടി രൂപയാണ് ആദ്യം വില നിർണ്ണയിച്ചിരുന്നത്. അത് കർഷകരെ സംബന്ധിച്ച് അങ്ങേയറ്റം പ്രയാസമുണ്ടാക്കുന്നതാണെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കുകയും ഏകദേശം 58 കോടി രൂപ കൂടുതലായി നൽകുകയും ചെയ്തുവെങ്കിലും അതും അപര്യാപ്തമാണെന്ന അഭിപ്രായം ഉയർന്നുവന്നു. ഓരോ ഘട്ടത്തിലും സർക്കാർ വളരെ അനുഭാവപൂർണ്ണമായ സമീപനമാണ് കർഷകരോടും ഭൂവുടമകളോടും സ്വീകരിച്ചിട്ടുള്ളത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ആ രീതിയിൽ തന്നെയാണ് കാര്യങ്ങൾ കാണുന്നത്. നിലവിലെ പ്രശ്നമെന്ന് പറയുന്നത്, ഡി.എൽ.എഫ്.എം.സി. (District Level Facilitation and Monitoring Committee) യോഗം ചേരണമെന്ന നിർദേശം ജില്ലാ കളക്ടർക്ക് നൽകിയിരുന്നു. അതിനിടയിൽ ശ്രീ. ജി. എസ്. അജിത് കുമാർ മുതൽപ്പേർ സമർപ്പിച്ച

*30-06-2026*
*Submission*

വെള്ളയാണി കായൽ സംബന്ധിച്ച ഹർജി നൽകുകയും വെള്ളയാണി കായൽ സംബന്ധിച്ച് ജില്ലാ കളക്ടർ പുറപ്പെടുവിച്ച 25-04-2025-ലെ നടപടിക്രമവും ജലവിഭവ വകുപ്പിന്റെ 29-05-2025-ലെ ഉത്തരവുകളിലെ തുടർനടപടികളും ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തതിനാൽ ഡി.എൽ.എഫ്.എം.സി. യോഗം താൽക്കാലികമായി മാറ്റിവയ്ക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത വിഷയത്തിൽ രണ്ട് കേസുകൾ ഹൈക്കോടതിയിൽ വന്നു. നിലവിൽ ആ രണ്ട് കേസുകളും നടന്നുകൊണ്ടിരിക്കുകയാണ്. സർക്കാർ ഈ വിഷയത്തെ വളരെ അനുകൂലമായാണ് കാണുന്നത്. നിലവിൽ ഹൈക്കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ പ്രത്യേകിച്ച് ഇതിൽ മറ്റൊന്നും ചെയ്യാൻ സാധിക്കില്ല. ഹൈക്കോടതി ഉത്തരവുകൾക്ക് വിധേയമായി ഇക്കാര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യത്തിൽ വളരെ അനുഭാവപൂർണ്ണമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് അറിയിക്കുകയാണ്.

<u>കായികാധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ലോകമൊട്ടാകെ കാൽപന്തുകളിയുടെ ആവേശത്തിലാണ്. കേരളവും അതേ ആവേശത്തിൽതന്നെ മുന്നോട്ടുപോകുകയാണ്. ലോകകപ്പ് നടക്കുന്നതുതന്നെ കേരളത്തിലാണെന്ന തരത്തിലാണ് കേരളത്തിലെ മുഴുവൻ ജനങ്ങളും കാൽപന്തുകളിയുടെ കൂടെനിൽക്കുന്നത്. ഈ സമയത്താണ് കേരളത്തിലെ കായികാധ്യാപകർ നേരിടുന്ന വളരെ പരിതാപകരമായ പ്രയാസം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഈ കാലഘട്ടം ലഹരിക്ക് അടിമയാക്കപ്പെടുന്ന കാലമാണ്. അതിനെതിരെ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി വളരെ ഭംഗിയായി നടക്കുന്ന കാലഘട്ടമാണ്. കായികാധ്യാപകരുടെ ഇടപെടലുകൾ നിരന്തരമായി നമ്മുടെ സ്കൂളുകളിലും കുട്ടികളിലുമുണ്ടാകേണ്ടത് അത്യാവശ്യമാണ്. അത് പരിഹരിക്കണമെന്ന് പറയുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ.

*30-06-2026*
*Submission*

ഇതുമായി ബന്ധപ്പെട്ട് 4 കാര്യങ്ങളാണ് പറയാനുള്ളത്. നിലവിൽ യു.പി. സ്കൂളിൽ 500 കുട്ടികളുണ്ടെങ്കിൽ മാത്രമാണ് ഒരു കായികാധ്യാപകന്റെ തസ്തിക സൃഷ്ടിക്കാൻ സാധിക്കുന്നത്. ആ 500 കുട്ടികളിൽനിന്ന് ഒരു കുട്ടി കുറഞ്ഞ് 499 ആയാൽ ആ തസ്തിക നഷ്ടമാകും. അതിനാൽ പരിധി കുറയ്ക്കുകയും അതോടൊപ്പംതന്നെ നേരിയ വ്യത്യാസമുണ്ടെങ്കിൽപ്പോലും അധ്യാപകന്റെ തസ്തിക നിലനിർത്തുന്നതിനാവശ്യമായ നടപടിയും അതിന്റെ ഭാഗമായിട്ടുണ്ടാകണം. രണ്ടാമതായി ഹൈസ്കൂൾ തലങ്ങളിൽ എട്ട്, ഒമ്പത് ക്ലാസുകളിൽ ആഴ്ചയിലെ അഞ്ച് പിരീയഡുകൾ കണക്കാക്കിയാണ് ഒരു കായികാധ്യാപകനെ നിയമിക്കുന്നത്. ആ ഹൈസ്കൂളിൽതന്നെ 10-ാം ക്ലാസിലെ കുട്ടികൾക്ക് പഠിക്കാനാവശ്യമായ പാഠപുസ്തകവും പിരീയഡുകളും നിർബന്ധമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷെ 10-ാം ക്ലാസിലെ ആ പിരീയഡും പാഠപുസ്തകവും പരിശോധിച്ച് അവിടെ അധ്യാപകരെ നിയമിക്കുന്നില്ല. എട്ട്, ഒമ്പത് ക്ലാസുകളിലെ ആഴ്ചയിലെ അഞ്ച് പിരീയഡ് കണക്കാക്കിയാണ് അവിടെ പോസ്റ്റിങ് നൽകുന്നത്. ആ അപാകത ഇതിന്റെ ഭാഗമായി പരിഹരിക്കാൻ സാധിക്കണം. അതോടൊപ്പം നമ്മുടെ നയം തന്നെ തുല്യ ജോലിക്ക് തുല്യ വേതനമെന്നാണ്. ഇവിടെ ഹൈസ്കൂളിലെ കായികാധ്യാപകന് ലഭിക്കുന്നത് എൽ.പി. സ്കൂളിൽ ജോലി ചെയ്യുന്ന അധ്യാപകർക്ക് ലഭിക്കുന്ന ശമ്പളമാണ്. അതിനാൽ ആ അപാകത പരിഹരിക്കുന്നതിന്റെ ഭാഗമായി ഹൈസ്കൂളിൽ ജോലി ചെയ്യുന്ന ഒരു അധ്യാപകന് ഹൈസ്കൂളിലെ അധ്യാപകന് ലഭിക്കേണ്ട ശമ്പളം ലഭിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. കായിക വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ പാഠപുസ്തകം, പിരീയഡ് ഉണ്ടെന്നുള്ളതും കായിക സ്ഥലം സ്കൂളുകളിൽ വേണമെന്നുള്ളതും ഇവിടെ ചർച്ച ചെയ്തു. അവയൊക്കെ നടപ്പാക്കാൻ പോകുന്നുവെന്ന വളരെ കൃത്യമായ മറുപടി മന്ത്രി പറഞ്ഞു. പ്ലസ്വൺ, പ്ലസ് ടു ക്ലാസുകളിൽ പിരീയഡും പുസ്തകവുമുണ്ട്. എന്നാൽ നിലവിൽ കായികാധ്യാപകരില്ല. ആ മേഖലകളിൽ അടിയന്തരമായി കായികാധ്യാപകന്റെ തസ്തികയുണ്ടാക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകണം. ഇതിന്റെ ഒരു കണക്ക് പറഞ്ഞ് അവസാനിപ്പിക്കാം. എൽ.പി. സ്കൂൾ വിഭാഗത്തിൽ 6389 സ്കൂളുകളിലായി 9.6 ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും കായികാധ്യാപകരില്ല. യു.പി. സ്കൂൾ വിഭാഗത്തിൽ 2720 സ്കൂളുകളിലായി

*30-06-2026*
*Submission*

9.2 ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും 394 കായികാധ്യാപകർ മാത്രാമാണുള്ളത്. ഹൈസ്കൂൾ വിഭാഗത്തിൽ 2650 സ്കൂളുകളിലായി 11.5 ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും 1450 അധ്യാപകർ മാത്രമാണുള്ളത്. ഹയർ സെക്കൻഡറി വിഭാഗത്തിൽ 1703 സ്കൂളുകളിലായി 7.3 ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും കായികാധ്യാപകരില്ല. വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ 389 സ്കൂളുകളിൽ 56000 കുട്ടികൾ പഠിക്കുന്നുണ്ടെങ്കിലും കായികാധ്യാപകരില്ല. ഫലത്തിൽ 86 ശതമാനം യു.പി. സ്കൂളിലും 45 ശതമാനം ഹൈസ്കൂളുകളിലും 100 ശതമാനം എൽ.പി., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലെ സ്കൂളുകളിലും കായികാധ്യാപകരില്ല. ഈ അപാകത പരിഹരിച്ച് ഈ കാലഘട്ടങ്ങളിൽ നമ്മുടെ കുട്ടികൾക്ക് വളരുന്നതിനും മുന്നോട്ടുപോകുന്നതിനും ആവശ്യമായ തലത്തിലുള്ള മാറ്റം വരുത്താൻ വിദ്യാഭ്യാസം, കായികം വകുപ്പുകൾ സംയുക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കായികാധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ബഹുമാനപ്പെട്ട കോട്ടക്കൽ അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ അവതരിപ്പിച്ച സബ്മിഷൻ വളരെ പ്രധാന്യമുള്ള ഒരു വിഷയമാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ആരോഗ്യ-കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും കായികാധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട വിഷയങ്ങളും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെയുള്ള ആവശ്യങ്ങളും പരിഗണിക്കണമെന്ന് ഈ സർക്കാർ ചുമതലയേറ്റെടുത്ത് കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽത്തന്നെ വിവിധ കായികപ്രേമികളുടെ ഭാഗത്തുനിന്നും മറ്റുപല കോണുകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം, കായികക്ഷമത, അച്ചടക്കം, നേതൃത്വ പാടവം, ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധം, ലഹരി ഉപയോഗം തടയൽ എന്നീ കാര്യങ്ങളിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് നിർണ്ണായകമായ പങ്കുണ്ട്. നിലവിലുള്ള തസ്തികാ മാനദണ്ഡങ്ങളും നിയമന വ്യവസ്ഥകളും കാലോചിതമായി പരിഷ്കരിക്കപ്പെടാത്തതിനാൽ നിരവധി വിദ്യാലയങ്ങളിൽ ആരോഗ്യ-കായിക വിദ്യാഭ്യാസം

*30-06-2026*
*Submission*

ഫലപ്രദമായി നടപ്പാക്കുന്നതിന് പരിമിതികൾ നിലനിൽക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ-കായിക വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുക, നിലവിലുള്ള കായികാധ്യാപക തസ്തികകൾ സംരക്ഷിക്കുക, ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി നിയമന യോഗ്യതകൾ പരിഷ്കരിക്കുക തുടങ്ങിയവയും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം സംബന്ധിച്ച ആവശ്യം പരിശോധിക്കുക, വിവിധ വിദ്യാഭ്യാസ തലങ്ങളിൽ ആവശ്യമായ കായികാധ്യാപക തസ്തികകൾ അനുവദിക്കുക, ഹയർ സെക്കൻഡറി വിഭാഗത്തിൽ സ്ഥിരം കായികാധ്യാപക തസ്തികകൾ സൃഷ്ടിക്കുക, സ്ഥാനക്കയറ്റ സാധ്യതകളും സേവന ആനുകൂല്യങ്ങളും പുനഃപരിശോധിക്കുക എന്നീ ആവശ്യങ്ങളെല്ലാം വിവിധതലങ്ങളിൽ പരിശോധിച്ചുവരികയാണ്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 1:500 എന്ന അനുപാതം അതായത്, 500 കുട്ടികൾ ഉണ്ടെങ്കിലേ ഒരു കായികാധ്യാപകൻ ഉണ്ടായിരുന്നുള്ളൂ. നിലവിലുള്ള തസ്തിക നഷ്ടപ്പെടാതിരിക്കാൻ കഴിഞ്ഞ വർഷം മുതൽ ഈ അനുപാതം 1:300 ആക്കിയിട്ടുണ്ട്. 300 കുട്ടികളുണ്ടെങ്കിൽ കായികാധ്യാപകന്റെ പോസ്റ്റ് സംരക്ഷിക്കപ്പെടും. ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ച് നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തിൽ കായിക വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകണമെന്ന് ഈ സർക്കാരും ആഗ്രഹിക്കുന്നു. അതിന്റെ ഭാഗമായി ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി 29-06-20206-ലെ സർക്കാർ ഉത്തരവ് 4258/2026 പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ സെക്രട്ടറി-പൊതുവിദ്യാഭ്യാസ വകുപ്പ്, അഡീഷണൽ ഡയറക്ടർ (അക്കാദമിക്) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, കേരള ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് എന്നീ നാലുപേർ ഉൾപ്പെടുന്ന ഒരു സമിതിയെ സർക്കാർ ഇക്കാര്യങ്ങൾക്കായി ഇന്നലെ നിയോഗിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ആറ് മാസത്തിനകം സമർപ്പിക്കണമെന്ന നിർദേശവും നൽകിയിട്ടുണ്ട്. ടി റിപ്പോർട്ടിന് അനുസൃതമായി തുടർനടപടികൾ ഉണ്ടാകുമെന്ന് സഭയെയും ബഹുമാനപ്പെട്ട അംഗത്തെയും അറിയിക്കുകയാണ്.

*30-06-2026*
*Submission*

<u>മലമ്പുഴ ഉദ്യാന നവീകരണം</u>

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ദക്ഷിണേന്ത്യയിലെ ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമാണ് മലമ്പുഴ. നീണ്ടുകിടക്കുന്ന മലനിരകളും ഏകദേശം 33 കിലോമീറ്റർ ചുറ്റളവിൽക്കിടക്കുന്ന ഡാമും അതിനുതാഴെ നൂറിലേറെ ഏക്കർ വരുന്ന ഉദ്യാനവും മാന്തോപ്പും നാട്ടിലെ മുഴുവൻ ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതായിരുന്നു. യഥാർത്ഥത്തിൽ ഈ ഉദ്യാനത്തിന് മൈസൂരിലെ വൃന്ദാവൻ ഗാർഡനേക്കാൾ നാലിരട്ടി വിസ്തൃതിയുണ്ട്. ഒരുകാലത്ത് ഹിന്ദി, തമിഴ്, മലയാളം എന്നീ ഭാഷകളിലുള്ള സിനിമകളുടെ ചിത്രീകരണം നടന്ന സ്ഥലമാണിത്. കാലക്രമേണ ഈ ഉദ്യാനത്തിന്റെ നിറം മങ്ങി. എന്തായാലും കഴിഞ്ഞ സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയും ഉദ്യാന നവീകരണത്തിനായി കേന്ദ്ര ടൂറിസം വകുപ്പിൽനിന്നും 75.66 കോടി രൂപ നേടിയെടുക്കുകയും ചെയ്തു. ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചത്. ഡി.പി.ആർ. തയ്യാറാക്കിയ ആ ഏജൻസി കൃത്യമായി സ്കെച്ച് കൊടുക്കാത്തതിന്റെ ഭാഗമായി ഇപ്പോൾ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. ഇതിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ കഴിഞ്ഞ മാർച്ച് 31-നുമുമ്പ് പൂർത്തിയാകുമെന്നാണ് പറഞ്ഞിരുന്നതെങ്കിലും അത് നടന്നിട്ടില്ല. ഇപ്പോഴും അവിടെ ആയിരക്കണക്കിന് ആളുകൾ വന്നുപോകുന്നുണ്ട്. അവധി ദിവസങ്ങളിൽ അവിടെ കാലുകുത്താനുള്ള ഇടംപോലും കിട്ടാറില്ല. എന്തായാലും മലമ്പുഴയുടെ പഴയ പ്രതാപം വീണ്ടെടുത്തേ മതിയാകൂ. സർക്കാരിനുണ്ടാകുന്ന വലിയ നഷ്ടം, ഉദ്യാനത്തിൽ തൊഴിലെടുക്കുന്നവരുടെ ജോലി നഷ്ടം എന്നിവയൊക്കെ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തി സത്വര നടപടികൾ സ്വീകരിക്കണമെന്നും പ്രവൃത്തികൾ പുനരാരംഭിച്ച് മലമ്പുഴയുടെ പഴയ പ്രതാപം വീണ്ടെടുക്കാൻ സഹായിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പ്രഭാകരൻ മലമ്പുഴ ഉദ്യാനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം ശരിയാണ്. കേരളത്തിലെ ഒരു ആദ്യകാല വിനോദ

സഞ്ചാരകേന്ദ്രമായിരുന്ന മലമ്പുഴ. ചെറുപ്പകാലത്ത് സ്കൂളിൽനിന്നും അവിടേക്ക് ടൂറിനുപോയ അനുഭവമുള്ള ധാരാളം ആളുകൾ ഇവിടെയുണ്ടാകും. എന്നാൽ ഇന്ന് ആ പ്രതാപത്തിന് മങ്ങലേറ്റ ഒരു അവസ്ഥയിലാണുള്ളത്. അത് തിരകെക്കൊണ്ടുവരണമെന്നുള്ള അദ്ദേഹത്തിന്റെ ആവശ്യത്തോട് വളരെ അനുഭാവത്തോടുകൂടിയായിരിക്കും ഈ ഗവൺമെന്റ് സമീപിക്കുന്നതെന്ന കാര്യം ആദ്യം അറിയിക്കട്ടെ. നിലവിൽ കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി ' Swadesh Darshan 2.0' എന്ന പ്രോഗ്രാമിൽ ഉൾപ്പെടുത്തിയ Malampuzha Garden and Leisure Park-ലെ വിനോദ സഞ്ചാരികളുടെ അനുഭവം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. അതിന്റെ ഭാഗമായി ലാൻഡ്സ്കേപ് നവീകരണം, ജലധാരകളുടെയും ജലാശയങ്ങളുടെയും നവീകരണം, പുതിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ഉദ്യാനത്തിനുള്ളിൽ വിവിധ ആശയങ്ങളെ അടിസ്ഥാനമാക്കി തീംമാറ്റിക്കായ പ്രത്യേക മേഖലകളുടെ സൃഷ്ടി എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്. നിലവിലുള്ള ഉദ്യാനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതികളാണ് അതിന്റെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ മുമ്പ് സൂചിപ്പിച്ചതുപോലെ അതിന്റെ നിർവഹണ ഏജൻസി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും നോഡൽ ഏജൻസി KTIL (Kerala Tourism Infrastructure Limited)-ഉം ആണ്. അതിന്റെ ഫിനാൻഷ്യൽ പ്രോഗ്രസ് വെറും പത്ത് ശതമാനവും ഫിസിക്കൽ പ്രോഗ്രസ് 3.38 ശതമാനവുമാണ്. നിലവിൽ അവിടെ പ്രവർത്തനങ്ങൾ മന്ദീഭവിച്ചുനിൽക്കുകയുമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ അടിയന്തരമായി ഒരു യോഗം വിളിച്ചുചേർക്കാം. അതോടൊപ്പം ഞാൻ ആ സ്ഥലം സന്ദർശിക്കാനും തീരുമാനിച്ചുവെന്ന കാര്യം അറിയിക്കുകയാണ്.

## ആലംകോട് - മീരാൻകടവ് റോഡ് നവീകരണം

ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പ്രധാന ജങ്ഷനുകളിലൊന്നായ ദേശീയപാതയിലെ ആലംകോടിന്റെ തീരദേശമായ

അഞ്ചുതെങ്ങിലെ മീരാൻകടവ് പാലവുമായി ബന്ധിപ്പിക്കുന്ന ആലംകോട് - മീരാൻകടവ് റോഡ് നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ട് ഏഴ് വർഷമാകുന്നു. ഇനിയും നിരവധി പ്രവൃത്തികൾ ബാക്കിയുണ്ട്. ജങ്ഷനുകളുടെ നവീകരണം, കുറച്ചുഭാഗങ്ങളിലെ ബി.എം.ബി.സി. ഓവർലേ, ഫുട്പാത്തുകളുടെ നിർമ്മാണം തുടങ്ങി വളരെ വേഗത്തിൽ പൂർത്തിയാക്കേണ്ട പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുകയാണ്. ആറ്റിങ്ങൽ നഗരസഭ, മണമ്പൂർ, വക്കം, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന റോഡിന്റെ പ്രവൃത്തികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി ഒ. എസ്. അംബിക സൂചിപ്പിച്ച ആലംകോട് - മീരാൻകടവ് റോഡ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണ്. ആലംകോട് മുതൽ മീരാൻകടവ് വരെയുള്ള റോഡിന്റെ ആകെ നീളം 8.95 കിലോമീറ്റർ ആണ്. NH-നെയും തീരദേശ റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാന റോഡാണിത്. പ്രസ്തുത റോഡ് വികസനവുമായി ബന്ധപ്പെട്ട് റോഡ് മുഴുവനുമായി പൊളിച്ചുമാറ്റി lime stabilisation പ്രവൃത്തികൾ നടത്തി subgrade ബലപ്പെടുത്തിയാണ് റോഡ് നവീകരിച്ചിട്ടുള്ളത്. പ്രസ്തുത റോഡിൽ ആലംകോട് മുതൽ മണനാക്ക് വരെ 9 മീറ്റർ വീതിയിലും തുടർന്ന് മണനാക്ക് മുതൽ മീരാംകടവ് വരെ 7 മീറ്റർ വീതിയിലുമാണ് ഡി.ബി.എം., ബി.സി. എന്നീ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

സിവിൽ പ്രവൃത്തികൾക്ക് പ്രധാന തടസ്സമായിരുന്നത് KWA-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികളുടെ മന്ദഗതിയായിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുമാണ്. എന്നാൽ 24-01-2024-ന് KWA മുഴുവൻ യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തികളും പൂർത്തിയാക്കിയതിനാൽ നിലവിൽ ആലംകോട് മുതൽ മണനാക്ക് ജങ്ഷൻ വരെയുള്ള ഭാഗം ബലപ്പെടുത്തുകയും തുടർന്ന് മീരാംകടവ് വരെയുള്ള ഭാഗങ്ങളിൽ DBM വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 6 കിലോമീറ്ററോളം ദൂരത്തിൽ പ്രവൃത്തികൾ പൂർത്തിയാക്കി 90 ശതമാനത്തോളം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് ബിറ്റുമിന്റെ വിലയിലുണ്ടായ അതിയായ വർധനവുമൂലം ബാക്കിയുള്ള 3

കിലോമീറ്ററോളം ദൂരത്തിലുള്ള ബി.സി. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ബിറ്റുമിന്റെ വില സംബന്ധിച്ച തീരുമാനം ഇന്നുണ്ടാകുന്നതാണ്. കൂടാതെ, ഡിസൈനിൽ വന്ന വ്യതിയാനം കാരണം ടി പദ്ധതിയിൽനിന്ന് കിഫ്ബിയുടെ അനുമതിയോടുകൂടി ഒഴിവാക്കിയ കടയ്ക്കാവൂർ RoB-ക്ക് സമീപമുള്ള അണ്ടർപാസ്സ് നിർമ്മാണം 1.66 കോടി രൂപയ്ക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുള്ളതും ടെൻഡർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടെൻഡറിൽ കരാറുകാർ പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തി റീ ടെൻഡർ ചെയ്യുന്നുണ്ട്. അടിയന്തിരമായി ഈ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ ഉണ്ടാകുന്നതാണ്.

<u>പാലക്കാട് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളും ചികിത്സാ സൗകര്യങ്ങളും കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. രമേശ് പിഷാരടി</u>: സർ, അടിയന്തര ചികിത്സ ആവശ്യമുള്ള ഒരു മെഡിക്കൽ കോളേജിനെക്കുറിച്ചാണ് എന്റെ സബ്മിഷൻ. പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വികസന വകുപ്പിന്റെ കീഴിൽ അവരുടെ ഉന്നമനത്തിനുവേണ്ടി 70 ശതമാനം സംവരണത്തോടുകൂടി പണിത ഇന്ത്യയിലെ ഏക മെഡിക്കൽ കോളേജാണ് പാലക്കാട് മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിൽനിന്നും ജില്ലാ ആശുപത്രികളിലേക്ക് രോഗികളെ റഫർ ചെയ്യുന്ന ഓരോയൊരു മെഡിക്കൽ കോളേജായി ഇന്നത് മാറിയിരിക്കുന്നു. രണ്ട് മുഖ്യമന്ത്രിമാർ പാലക്കാട് ജില്ലയിൽനിന്നും പല കാലങ്ങളിലുണ്ടായിട്ടുണ്ടെങ്കിലും ഉമ്മൻ ചാണ്ടി സാറിന്റെയും ശ്രീ. എ. പി അനിൽകുമാറിന്റെയും ശ്രീ. ഷാഫി പറമ്പിലിന്റെയുമെല്ലാം ശ്രമഫലമായി 2012-ലാണ് ഈ മെഡിക്കൽ കോളേജ് പ്രഖ്യാപിച്ചത്. ആ കാലത്തെ അതിന്റെ വേഗതയെക്കുറിച്ച് പറയുകയാണെങ്കിൽ, 2012-ൽ പ്രഖ്യാപിച്ച് വെറും 3 കൊല്ലംകൊണ്ട് സ്ഥലം ഏറ്റെടുക്കലും അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതിയോടുകൂടി മൂന്നാംവർഷം നൂറ് വിദ്യാർഥികളടങ്ങുന്ന ആദ്യ ബാച്ചും അവിടെ വന്നു. 2018-ൽ ഇത് പൂർണ്ണമായും സജ്ജമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി 559 കോടി രൂപ തുടർനടപടിക്ക് ഡി.പി.ആർ. അനുമതിയും നൽകി.

അവിടെ വച്ച് ഭരണം മാറി. ബാക്കി പത്തുവർഷത്തെ കെടുകാര്യസ്ഥത പറയാൻ എന്റെ കൈയിൽ വളരെ കുറച്ച് സമയം മാത്രമേയുള്ളൂ. ഹോസ്പിറ്റൽ ബ്ലോക്കിന്റെ പൂർത്തീകരണം ഏഴ് വർഷവും ഒൻപത് മാസമായിട്ടും പൂർത്തിയായിട്ടില്ല. അഡീഷണൽ വർക്ക്, ബോയിലർ മെയിൻഫോൾഡ് ബിൽഡിങ്, മോർച്ചറി ബിൽഡിങ്, സീവേജ് & ഡ്രെയിനേജ്, ഇലക്ട്രോണിക്സ് വർക്ക്, ഇലക്ട്രിക്കൽ, ഇന്റേഷണൽ റോഡ്, ഗ്യാസ് പൈപ്പ് ലൈൻ സിസ്റ്റം, മലിനജല സംസ്കരണ പ്ലാന്റ് (Sewage Treatment Plant), മോഡുലാർ ലാബ് ഇൻസ്റ്റലേഷൻ, പവർ ലോൺട്രി തുടങ്ങിയവയുമായി ബന്ധപ്പെട്ട വർക്കുകളൊന്നും പൂർത്തീകരിച്ചിട്ടില്ല. ഹോസ്റ്റലിന്റെയും വിദ്യാർത്ഥികളുടെയും കാര്യം വലിയ പ്രശ്നത്തിലാണ്. അത്യാഹിത വിഭാഗ (casualty) സൗകര്യങ്ങൾ വളരെ കുറവാണ്. അതുകൊണ്ട് അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവൃത്തിപരിചയം ഉണ്ടാകുകയെന്ന് പറയുന്നത് വലിയ ബുദ്ധിമുട്ടാണ്. ഇത്തരത്തിൽ പൂർണ്ണമായും അനാസ്ഥകൊണ്ട് ഒരു മെഡിക്കൽ കോളേജ് വളരെ ദുരവസ്ഥയിൽ നിൽക്കുന്നതാണ് പാലക്കാട് എത്തുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ ഭരണകാലത്ത് ഈ മെഡിക്കൽ കോളേജിനെ എന്ത് ദീർഘവീക്ഷത്തോടുകൂടിയാണോ അവിടെ എത്തിച്ചത്, അത് പൂർണ്ണമായും സജ്ജമായ രീതിയിൽ പൂർത്തീകരിച്ച് നൽകണമെന്ന് ആവശ്യപ്പെടുന്നതിന് വേണ്ടിയാണ് ഞാൻ ഇത്തരത്തിലൊരു സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ വിഷയത്തിൽ ദയവായി നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രി <u>ശ്രീമതി കെ. എ. തുളസി</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് പിഷാരടി ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതും ഏറ്റവും അടിയന്തരമായി പരിശോധിക്കപ്പെടേണ്ടതുമായ വിഷയമാണ്. കേരളം കണ്ട ഏറ്റവും ജനകീയനായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സാറിന്റെ കാലയളവിൽ, 26-05-2012-ൽ ഇറങ്ങിയ ഉത്തരവുപ്രകാരം 01-09-2014-ലാണ് ഈ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത്. 70 ശതമാനം പട്ടികജാതി വിഭാഗങ്ങൾക്കും രണ്ട് ശതമാനം പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും 13 ശതമാനം പൊതുമെരിറ്റിലും 15 ശതമാനം ഓൾ ഇന്ത്യാ ക്വാട്ടയിലുമാണ് ഇത് സംവരണം

ചെയ്യപ്പെട്ടിട്ടുള്ളത്. അധ്യാപക, അനധ്യാപക നിയമനത്തിലാണെങ്കിലും എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കണം എന്നായിരുന്നു സർക്കാർ നിർദേശിച്ചത്. 2024-2025 അധ്യയന വർഷത്തിൽ ഫാർമക്കോളജി (Pharmacology), പാത്തോളജി (Pathology), മൈക്രോബയോളജി (Microbiology), കമ്മ്യൂണിറ്റി മെഡിസിൻ (Community Medicine) എന്നീ വിഭാഗങ്ങളിൽ പി.ജി. ക്ലാസുകളും ആരംഭിച്ചിട്ടുണ്ട്. 12 സീറ്റുകളിലും വിദ്യാർഥികൾ നിലവിലുണ്ട്. പാലക്കാട് ജില്ല പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയിൽ ഏറ്റവും മുന്നിലുള്ള ജില്ലയാണ്. നിലവിൽ ഈ മെഡിക്കൽ കോളേജ് അവിടെയുണ്ടെങ്കിലും ഈ ജില്ലയിലുള്ള കൂടുതൽ രോഗികളും ആശ്രയിക്കുന്നത് തൃശ്ശൂർ, കോഴിക്കോട്, കോയമ്പത്തൂർ പ്രദേശങ്ങളിലുള്ള ആശുപത്രികളെയാണ്. കാരണം ഒ.പി. ചികിത്സയ്ക്ക് നിരവധി രോഗികൾ എത്തുന്നുണ്ടെങ്കിലും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തിക്കുന്നില്ല എന്നതുകൊണ്ട് രോഗികൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അക്കാദമിക് ബ്ലോക്കിന്റെയും ഹോസ്റ്റലുകളുടെയും മെയിൻ ബ്ലോക്കിന്റെയും പണി പൂർത്തീകരിച്ചിട്ടുണ്ട്. 2024-ൽ വലിയ പ്രഖ്യാപനം നടത്തി കിടത്തി ചികിത്സ ആരംഭിച്ചതായി പ്രഖ്യാപിച്ചെങ്കിലും 2018-ൽ പൂർണ്ണ സജ്ജമാകേണ്ടിയിരുന്ന മെഡിക്കൽ കോളേജിന്റെ പല പ്രവൃത്തികൾക്കും അനുമതി നൽകുന്നതിൽ കാലതാമസം മുൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതുകൊണ്ട് വലിയ പ്രശ്നം നേരിടുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിയുടെയും ഡയറക്ടറുടെയും സാന്നിദ്ധ്യത്തിൽ വിശദമായ അവലോകന യോഗം ചേരുകയുണ്ടായി. അതിൽ കണ്ടെത്തിയ പ്രധാനപ്പെട്ട കാര്യങ്ങൾ അടിസ്ഥാന പ്രവൃത്തികളുടെ കാര്യക്ഷമമായ നിർവ്വഹണമില്ലായ്മയും ഫാക്കൽറ്റികളുടെയും പാരമെഡിക്കൽ സ്റ്റാഫുകളുടെ കുറവും അധ്യാപകരുടെ ശമ്പളവും ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളുമൊക്കെ അവിടെ നിലവിലുണ്ടെന്നാണ്. മാത്രമല്ല എൻ.എം.സി.-യുടെ അംഗീകാരം ലഭിക്കണമെങ്കിൽ 200 ഫാക്കൽറ്റി തസ്തിക ഉറപ്പുവരുത്തേണ്ടതുണ്ട്. നാഷണൽ ഹൈവേയുടെ തൊട്ടടുത്തുള്ള മെഡിക്കൽ കോളേജായിട്ടുകൂടി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ട്രോമ കെയർ യൂണിറ്റ് അവിടെ ഇല്ലാത്തതിന്റെ പ്രശ്നങ്ങളും ഇപ്പോൾ ആ മെഡിക്കൽ കോളേജ് നേരിടുകയാണ്. അടിയന്തര പ്രവൃത്തികൾക്കായി മെഡിക്കൽ കോളേജിന് ഏകദേശം 97.39 കോടി രൂപ

*30-06-2026*
*Submission*

അത്യാവശ്യമായി വന്നിരിക്കുന്നു. സ്റ്റാഫിന്റെ വേതനത്തിനും ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുംവേണ്ടി 38 കോടി രൂപയും ആവശ്യമാണ്. ഈ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാന്യനായ മുഖ്യമന്ത്രി മെഡിക്കൽ കോളേജിന് പണത്തിന്റെ കുറവുമൂലം ഒരു പ്രശ്നവും വരില്ലെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. ഞങ്ങൾ അവിടെ സന്ദർശിച്ച സമയത്ത് നാഥനില്ലാ കളരി പോലെ കിടക്കുന്ന ഒരു മെഡിക്കൽ കോളേജിനെയാണ് കാണാൻ സാധിച്ചത്. അവിടെ ചേർന്ന മീറ്റിങ്ങിൽത്തന്നെ ഒറ്റപ്പാലം ആർ.ഡി.ഒ (RDO) കൺവീനറായി സ്ഥലം എം.പി.-യെയും സ്ഥലം എം.എൽ.എ-യെയും പാലക്കാട് ജില്ല കളക്ടറെയും എസ്.സി. വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജ് ഡയറക്ടർ എന്നിവരെയും ഉൾപ്പെടുത്തി ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കഴിഞ്ഞ രണ്ട് ടേമുകളിലുണ്ടായിരുന്ന എൽ.ഡി.എഫ് സർക്കാർ പാലക്കാട് മെഡിക്കൽ കോളേജിന്റെ ഒരു പ്രവർത്തനത്തിലും ഒരു മീറ്റിങ്ങിനുപോലും സ്ഥലം എം.പി-യെയോ എം.എൽ.എ-യെയോ വിളിച്ചിരുന്നില്ല എന്നുള്ള യാഥാർഥ്യം നമ്മൾ തിരിച്ചറിഞ്ഞു. അത് കടുത്ത അനീതിയാണ്. മാത്രമല്ല ഇത്രയും വലിയൊരു പ്രോജക്ടായിട്ടുകൂടി അതിന്റെ പ്രവർത്തനങ്ങൾക്ക് സ്ഥലം എം.എൽ.എ-യ്ക്കും എം.പി.ക്കും ഒരു തരത്തിലുള്ള അഭിപ്രായംപോലും പറയാൻ കഴിയാത്ത സാഹചര്യമുണ്ടായത് വളരെ ഗുരുതരമായ വീഴ്ചയാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിച്ചത്. പത്ത് ദിവസം കൂടുമ്പോൾ ആ കമ്മിറ്റി കൃത്യമായ അവലോകനം നടത്തുന്നുണ്ട് എന്നുമാത്രമല്ല, മെഡിക്കൽ കോളേജ് പൂർണ്ണ സജ്ജമാകണമെങ്കിൽ 550 കോടിയോളം രൂപ ആവശ്യമായി വരുന്നുണ്ട്. ജനങ്ങൾക്കുവേണ്ടി ഈ മെഡിക്കൽ കോളേജിനെ പൂർണ്ണ സജ്ജമാകുന്നതിനായി ബൃഹത്തായ കർമ്മ പദ്ധതിയാണ് ആവശ്യമായി വരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിലുള്ളപോലെ സിസ്റ്റം തകരാറാണെന്ന് പറഞ്ഞ് ജനങ്ങളുടെ മുന്നിൽ കൈമലർത്തുന്ന മന്ത്രിമാരല്ല യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എന്നുള്ളത് വളരെ ആത്മാർഥതയോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം വോട്ട് ചെയ്ത് ജയിപ്പിച്ച ജനങ്ങളോട് സിസ്റ്റം തകരാറാണ് അതുകൊണ്ട് പ്രവൃത്തിക്കാൻ കഴിയില്ലെന്ന് പറയാൻ സാധിക്കില്ല. ഈ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട്, പാലക്കാട് മെഡിക്കൽ

കോളേജിന്റെ പ്രശ്നം തീർച്ചയായും സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുമെന്ന് പറഞ്ഞുകൊണ്ടും ബഹുമാനപ്പെട്ട അംഗത്തിന് ഈ മറുപടി തൃപ്തികരമായിരിക്കുമെന്നും പ്രതീക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു. നന്ദി

<u>വനഭൂമിയോട് ചേർന്ന് കിടക്കുന്ന ഭൂമിയിലെ പട്ടയ പ്രശ്നങ്ങൾ സംബന്ധിച്ച്</u>

<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> സർ, മലയോര മേഖലയിലെ ജനങ്ങളുടെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ മേഖലയിലെ ജനങ്ങൾക്ക് അവരുടെ ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. സർവെ നമ്പറിൽ വനം അതിർത്തിയായി രേഖപ്പെടുത്തിയാൽ വനം വകുപ്പിന്റെ എൻ.ഒ.സി. സബ് രജിസ്ട്രാർമാർ ആവശ്യപ്പെടുകയാണ്. അത് ലഭിക്കാൻ വലിയ കാലതാമസമാണ് ഉണ്ടാകുന്നത്. വനം വകുപ്പിന്റെ സർവെയർമാർ വന്ന് ഭൂമി അളക്കണം. വനം വകുപ്പിന് വിരലിലെണ്ണാവുന്ന സർവെയർമാർ മാത്രമാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ടുതന്നെ അതിന് മാസങ്ങളെടുക്കുന്നു. സബ് രജിസ്ട്രാർമാർ മുൻ ആധാരം മാത്രമേ ചോദിക്കുവെങ്കിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ ആദ്യത്തെ ആധാരം ഉൾപ്പെടെയാണ് ചോദിക്കുന്നത്. അതുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് വിവാഹ ആവശ്യത്തിനും വിദ്യാഭ്യാസ ആവശ്യത്തിനും ഭൂമി കൈമാറ്റം ചെയ്യാൻ കഴിയുന്നില്ലെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. നിയമ വിരുദ്ധമായിട്ടാണ് സബ് രജിസ്ട്രാർമാർ ഇങ്ങനെയൊരു എൻ.ഒ.സി. ആവശ്യപ്പെടുന്നത്. കാരണം ഇത് രജിസ്ട്രേഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ല. രജിസ്ട്രേഷൻ വകുപ്പ് ഉദ്യോഗസ്ഥരോട് ചോദിച്ചപ്പോൾ, വനം വകുപ്പ് സെക്രട്ടറി രജിസ്ട്രേഷൻ വകുപ്പ് സെക്രട്ടറിക്ക് കൊടുത്ത ഒരു കത്താണ് അവർ കാണിക്കുന്നത്. ആ കത്തിൽ പരാമർശിച്ചിരിക്കുന്നത് നിക്ഷിപ്ത വനഭൂമി രജിസ്റ്റർ ചെയ്യുന്നതിന് മാത്രമാണ് അനുമതി എന്നാണ് അവർ പറയുന്നതുപോലും. പക്ഷെ മറ്റ് സ്ഥലങ്ങളുണ്ട്. ഇവിടെ റവന്യൂ വകുപ്പും വനം വകുപ്പും സംയുക്ത പരിശോധന നടത്തി ജണ്ട കെട്ടി തിരിച്ചിട്ടുള്ള, അതിർത്തി നിശ്ചയിച്ചിട്ടുള്ള റിസർവ് ഫോറസ്റ്റിൽപോലും ഇപ്പോൾ കൈമാറ്റം ചെയ്യാൻ കഴിയാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. ആ റിസർവ് ഫോറസ്റ്റിനെ സംബന്ധിച്ച് വനം വകുപ്പുകാരോട്

ചോദിച്ചപ്പോൾ അവർ നൽകിയ മറുപടി, അവ്യക്തതയോ തർക്കങ്ങളോ വ്യവഹാരങ്ങളോ നിലനിൽക്കുന്ന ഭൂമിയിൽ മാത്രം മതി വനം വകുപ്പിന്റെ എൻ.ഒ.സി. എന്നാണ്. ഇത് ഗൗരവമേറിയ പ്രശ്നമാണ്. മലയോര മേഖലയിൽ പാവപ്പെട്ട ആളുകൾ വലിയ ബുദ്ധിമുട്ടാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ഗവൺമെന്റും ആവശ്യമായ ഇടപെടൽനടത്തി അടിയന്തരമായി പരിഹാരമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കാനുള്ളത്.

കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. ഒ. ജെ. ജനീഷ്): സർ, നിക്ഷിപ്ത വന ഭൂമിയുടെ സർവെ ജോലികൾ പൂർത്തിയാക്കുന്നതുവരെ നിക്ഷിപ്ത വനം ഉൾപ്പെടുന്ന സർവെ നമ്പറിലുള്ള ഭൂമിയുടെ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ വനം വകുപ്പിന്റെ എൻ.ഒ.സി. ഹാജരാക്കേണ്ടതാണെന്ന് 21-01-2009-ലെ 11960/ഇ 2/86/വനം നമ്പരായ സർക്കാർ കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ കത്തിലെ നിർദേശാനുസരണമാണ് നിക്ഷിപ്ത വനഭൂമിയോട് ചേർന്ന സ്വകാര്യ ഭൂമികളുടെ കൈമാറ്റ ആധാരങ്ങളുടെ രജിസ്ട്രേഷന് സബ് രജിസ്ട്രാർമാർ എൻ.ഒ.സി. ആവശ്യപ്പെടുന്നത്. ഇപ്രകാരം എൻ.ഒ.സി. ലഭിക്കാൻ കാലതാമസം നേരിടുന്നതായി ധാരാളം ആക്ഷേപങ്ങൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 02-07-2025-ൽ ടി വിഷയത്തിൽ രജിസ്ട്രേഷൻ, വനം, നിയമം, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. സ്വകാര്യ ഭൂമി രജിസ്ട്രേഷനുവേണ്ടി ഹാജരാക്കുന്ന അവസരത്തിൽ ആധാരത്തിലെ എലുക-യിൽ ഏതെങ്കിലും ഒരു അതിർത്തി വനം/ജണ്ട എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ സബ് രജിസ്ട്രാർ എൻ.ഒ.സി. ലഭ്യമാക്കാൻ ആവശ്യപ്പെടാവൂവെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതും പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് സബ് രജിസ്ട്രാർമാർക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതോ ആയ വസ്തു കൈമാറ്റം ചെയ്യുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നിരാക്ഷേപ പത്രം ഹാജരാക്കാത്ത പക്ഷം ആധാരം രജിസ്ട്രേഷനായി സ്വീകരിക്കാൻ പാടില്ലെന്ന് 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് വകുപ്പ് 71(3) വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.

*30-06-2026*
*Submission*

ഇതിന്റെ അടിസ്ഥാനത്തിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിലമ്പൂർ സബ്‌രജിസ്ട്രാർ വനം വകുപ്പിന്റെ എൻ.ഒ.സി. ആവശ്യപ്പെട്ടതിനെതിരെ 2013-ൽ കേരള ഹൈക്കോടതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട W.P.(C)No.25241 ആയി ഫയൽ ചെയ്ത Velukutty vs. The District Registrar General & Os. എന്ന കേസിൽ നിരാക്ഷേപത്രം ഹാജരാക്കണമെന്ന സബ് രജിസ്ട്രാറുടെ ആവശ്യം ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിക്കുകയും കക്ഷിയുടെ ഹർജി തള്ളുകയും ചെയ്തിട്ടുള്ളതാണ്. സ്വകാര്യ വ്യക്തികൾ ഒരിക്കൽ കൈമാറിയ ഭൂമി വീണ്ടും കൈമാറുന്ന സമയത്തും നിരാക്ഷേപ പത്രം ഹാജരാക്കേണ്ടി വരുന്നത് സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്തുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് അധികാരികളുടെ യോഗം വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.